കേരള സർക്കാർ



# ടി. ശിവദാസമേനോൻ

ധനകാര്യവകുപ്പ് മന്ത്രി

23 ഫെബ്രുവരി 2001

സർ,

അകമഴിഞ്ഞ സംതൃപ്തിയോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ആറാമത്തെ ബഡ്ജറ്റ് ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത്. വളരെയധികം സാമ്പത്തിക വിഷമതകൾക്കും, കേന്ദ്രഗവൺമെന്റിന്റെ സ്വകാര്യവത്കരണം, ഉദാരവത്കരണം, ആഗോള വത്കരണം തുടങ്ങിയ തെറ്റായ നയങ്ങൾ വാരിവിതറിയ ദുരിതങ്ങൾക്കു മിടയിൽ നിന്നുകൊണ്ടാണ് ഈ ഗവൺമെന്റിന് പ്രവർത്തിക്കേണ്ടിവന്നത്. എന്നിട്ടും ഐശ്വര്യ പൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കാനുള്ള പരിശ്രമ ത്തിൽ വളരെ മുന്നോട്ടു പോകാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. സമഗ്രമായ ജന പങ്കാളിത്തത്തോടെയുള്ള സമൂഹ നിർമ്മാണത്തിനുള്ള ചരിത്ര പരമായ തീരുമാനം നാം കൈക്കൊണ്ടു.

സർ,

ദേശീയ സാമ്പത്തിക രംഗം അതീവ ഗുരുതരമായ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുമ്പോൾ രാജ്യത്തിന്റെ അവിഭാജ്യ ഘടകമായ നമ്മുടെ സംസ്ഥാനത്തിനുമാത്രം അതിൽ നിന്നും ഒഴിഞ്ഞു നില്ക്കാനാവില്ലല്ലോ. പ്രതികൂലമായ ഈ സാമ്പത്തിക പരിതസ്ഥിതികളിൽ പിടിച്ചു നിൽക്കാനും മുന്നോട്ടുപോകാനും വിലയേറിയ ഉപദേശ നിർദ്ദേശങ്ങളും കലവറ യില്ലാത്ത സഹായ സഹകരണങ്ങളും നൽകി ഈ പ്രവർത്തനത്തെ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സഹപ്രവർത്തകരായ മറ്റു മന്ത്രിമാർക്കും ഞാൻ കൃതജ്ഞത രേഖപ്പെടുത്തട്ടെ. നമ്മുടെ കടമയുടെ ആദ്യഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. അടുത്ത ഘട്ടം നിറവേറ്റാനുള്ള ചരിത്രദൗത്യവുമായി നാം വീണ്ടും തിരിച്ചുവരുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ജനതയുടെ അന്തസ്സും ആത്മാഭിമാനവും ഉയർത്തുന്ന തരത്തിലുള്ള തീരുമാനങ്ങളാണ് ഈ മഹത്തായ സഭയിൽ നാം കൈക്കൊണ്ടത്. സർ, കഴിഞ്ഞ അഞ്ചു

വർഷങ്ങളിലായി സഭാനാഥനായ അങ്ങും ആദരണീയരായ സഭാംഗങ്ങളും എനിക്ക് നൽകിയ പ്രോത്സാഹനവും ക്രിയാത്മകമായ മാർഗ്ഗ നിർദ്ദേശങ്ങളും ഞാൻ നന്ദിപൂർവ്വം സ്മരിക്കട്ടെ. ഗവൺമെന്റ് തുടർച്ചയായ ഒരു പ്രതിഭാസമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണത്തിന് അടിത്തറ പാകുകയും വിവര സാങ്കേതിക വൈദ്യുതി മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും വ്യവസായ വികസനത്തിന് സ്ഥിരവും ശാന്തവുമായ അന്തരീക്ഷം സൃഷ്ടിക്കുകയും സമർത്ഥമായി പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി വിലക്കയറ്റം പിടിച്ചു നിർത്തുകയും ചെയ്ത ഈ ഗവൺമെന്റിന്റെ നടപടികൾ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു പോകാൻ വരും ഗവൺമെന്റുകൾക്ക് കഴിയുമെന്ന കാര്യം ഞാൻ പ്രത്യേകമായി എടുത്തുപറയേണ്ടതില്ലല്ലോ. കേരളം ഇന്ന് സുസ്ഥിര വികസനത്തിന്റെ പാതയിൽ അനുസ്യൂത പ്രയാണം തുടരുകയാണ്. തിളക്കമാർന്ന ഈ നേട്ടത്തിൽ ഈ ഗവൺമെന്റ് വഹിച്ച പങ്ക് നിസ്തുലമാണ്.

2. അടുത്ത ഏതാനും മാസങ്ങൾക്കകം നാം ഒരു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ്. ജനാധിപത്യ ഭരണ വ്യവസ്ഥയുടെ യഥാർത്ഥ സത്ത ഉൾക്കൊണ്ടുകൊണ്ട് ഒരു ഇടക്കാല ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടുമാണ് ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്നത്.

3. അതിദാരുണമായ ഒരു ദുരന്തം അഭിമുഖീകരിക്കേണ്ടി വന്ന ഗുജറാത്തിലെ നമ്മുടെ സഹോദരീ സഹോദരന്മാരെ ഈ അവസരത്തിൽ നമുക്ക് സ്മരിക്കാം. ഭൂകമ്പ ബാധിതരുടെ ദുരന്തത്തിൽ നമുക്ക് സഹതപിക്കാം. നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഗുജറാത്തിലെ ജനങ്ങൾക്ക് കഴിവിന്റെ പരമാവധി സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച.**

4. ഒരു സംസ്ഥാനത്തിന്റെ പുരോഗതി വിലയിരുത്തുന്നത് ആ സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക വളർച്ചയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളെ ആധാരമാക്കിയായിരിക്കണം. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം തുടർച്ചയായി വർദ്ധിച്ച് 1999-2000ൽ 1998-99 നെക്കാൾ 16.81% വർദ്ധന രേഖപ്പെടുത്തി എന്ന വസ്തുത ഈ സഭയെ അറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഇക്കാലയളവിൽ പ്രതിശീർഷവരുമാനമാകട്ടെ 15.76 ശതമാനം വർദ്ധിച്ചു. കഴിഞ്ഞ കുറെ

വർഷങ്ങളായി നമ്മുടെ കാർഷിക വിഭവങ്ങളുടെ വില തകർന്നിരിക്കുകയാണ്. ആഗോളവൽക്കരണവും ഉദാരവൽക്കരണവും അംഗീകരിച്ചു നടപ്പാക്കിയ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ സന്തതിയാണ് ഈ വിലത്തകർച്ച. അതിന്റെ കാരണങ്ങളിലേയ്ക്ക് ആഴത്തിൽ കടക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കാർഷിക മേഖലയിൽ കൂടി മുന്നേറാൻ കഴിഞ്ഞിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനം സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ ഇതര സംസ്ഥാനങ്ങളേക്കാൾ മുന്നിലെത്തുമായിരുന്നു. തെറ്റായ ഈ നയങ്ങളുടെ അനന്തര ഫലങ്ങളോട് മല്ലടിക്കേണ്ട ഗതികേടിലാണ് ഇപ്പോഴും നമ്മുടെ കർഷകർ. നമ്മുടെ സമ്പദ്ഘടനയിൽ ഈ നയങ്ങൾ ഏല്പിച്ചിട്ടുള്ള മുറിവുകൾ നിലനിന്നിട്ടുപോലും നമ്മുടെ പൊതു സമ്പദ്ഘടന ദുർബലപ്പെട്ടിട്ടില്ല. വിപരീത സാഹചര്യത്തിലും നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ള വളർച്ചാ നിരക്ക് നമ്മുടെ സമ്പദ്ഘടനയുടെ സവിശേഷത വിളിച്ചോതുന്നു. ഈ പ്രതിഭാസത്തിന് സംസ്ഥാന ഗവൺമെന്റിന്റെ നയങ്ങൾ എത്രത്തോളം സഹായകരമായി എന്നതാണ് ഇവിടെ പ്രസക്തമായ ചോദ്യം. നമ്മുടെ സംസ്ഥാനത്തിലേയ്ക്ക് ഒഴുകുന്ന വിദേശ പണമാണ് ഇതിന് കാരണമെന്നാണ് ചില വിമർശകരുടെ അഭിപ്രായം. പ്രവാസി സഹോദരങ്ങൾ കഷ്ടപ്പെട്ടു സമ്പാദിച്ച് നാട്ടിലേയ്ക്ക് അയക്കുന്ന പണം നമ്മുടെ സമ്പദ്ഘടനയെ നിലനിറുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു എന്നത് അഭിമാനാർഹമാണ്. എന്നാൽ കണക്കുകൾ പരിശോധിക്കുമ്പോൾ ഇതൊരു പുതിയ പ്രതിഭാസമല്ലെന്നുകാണാം. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് ബാങ്കുകളിൽ നിലനിൽക്കുന്ന നിക്ഷേപത്തിന്റെ വാർഷിക ശരാശരി 19 ശതമാനം ആണ്. എന്നാൽ 93-94 കാലഘട്ടത്തിൽ ഇതിനേക്കാൾ ഉയർന്ന 22.24 ശതമാനമായിരുന്നു നിക്ഷേപമെന്ന് കൂടി കാണേണ്ടതുണ്ട്. ഇതിൽനിന്നും തീർച്ചയായും ഒരു കാര്യം വ്യക്തമാവുന്നു. സാമ്പത്തിക മാന്ദ്യത്തിന്റേതായ ഈ കാലഘട്ടത്തിൽ കേരളം പിടിച്ചു നിന്നിരുന്നത് മുഖ്യമായും വിദേശ നിക്ഷേപത്തിലൂടെ മാത്രമായിരുന്നില്ല. ഇതിൽ നിന്നും നമ്മുടെ സമ്പദ്ഘടനയുടെ ശക്തി വെളിവാകും.

5. ദേശീയ സമ്പദ്ഘടന അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ നമുക്കെല്ലാം നന്നായി അറിവുള്ളതാണല്ലോ. ഭൂമിശാസ്ത്രപരമായി നോക്കുകയാണെങ്കിൽ ഇൻഡ്യയുടെ 1.3% വിസ്തീർണം മാത്രമുള്ള നമ്മുടെ കൊച്ചു സംസ്ഥാനത്തെ സാമ്പത്തിക തകർച്ചയുടെ തിരമാലകളിൽതട്ടി മുങ്ങിപ്പോകാതെ നാം കാത്തു സൂക്ഷിച്ചു. റബ്ബറിന്റെ വില കുത്തനെ ഇടിഞ്ഞു. തേയിലയുടെയും കാപ്പിയുടേയും വില സർവ്വകാല തകർച്ച കണ്ടു. നാളികേരം വിലയിടിവിന്റെയും

മണ്ഡരിരോഗബാധയുടേയും നീരാളിപ്പിടുത്തത്തിലാണ്. മറ്റ് നാണ്യവിളകളുടെ കാര്യവും വ്യത്യസ്തമല്ല. ഈ സാമ്പത്തിക മാന്ദ്യം ജനജീവിതത്തെ തകർക്കുന്നത് നിഷ്ക്രിയരായി നോക്കി നിൽക്കണമോ അതോ വിഭവങ്ങളുടെ അപര്യാപ്തത പരിഗണിക്കാതെ കടം വാങ്ങി കൂടുതൽ ചെലവഴിച്ച്, മുടന്തിനീങ്ങുന്ന സമ്പദ്ഘടനയെ ചലനാത്മകമാക്കണമോ എന്നതായിരുന്നു രണ്ടുവർഷംമുമ്പ് ഈ സർക്കാരിന്റെ മുന്നിലുണ്ടായിരുന്ന വിഷമപ്രശ്നം. ക്രിയാത്മകമായ സമീപനം സ്വീകരിക്കാൻ തന്നെ നാം തീരുമാനിച്ചു. പ്രശ്നങ്ങളെ നാം ധീരമായി അഭിമുഖീകരിച്ചു. വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തി പ്രത്യുല്പാദന മേഖലകളിലേയ്ക്ക് തിരിച്ചുവിടുകയാണുണ്ടായത്. മറ്റ് സംസ്ഥാനങ്ങൾ അവയുടെ പദ്ധതികളുടെ വലിപ്പം മൂന്നിലൊന്നുവരെ വെട്ടിക്കുറച്ചുകൊണ്ടിരുന്ന ഇക്കാലത്ത് നമ്മുടെ പദ്ധതി വലിപ്പം ക്രമാനുഗതമായി വലുതാക്കി കൊണ്ടുവന്നു വെന്നുമാത്രമല്ല പദ്ധതിലക്ഷ്യം കൈവരിക്കുന്നതിനുകൂടി നമുക്കു കഴിഞ്ഞു. ഇതുവഴി മാന്ദ്യത്തിന്റെ ചുഴിയിൽ നിന്നും സമ്പദ്ഘടനയെ കരകയറ്റുന്നതിനും നമുക്കു കഴിഞ്ഞു. ഈ വർഷം 3600 കോടി രൂപയുടെ വിപുലമായ പദ്ധതിയാണ് നാം ആവിഷ്കരിച്ചിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ മൊത്തം പദ്ധതി അടങ്കൽ 4159.08 കോടി രൂപയാണ്. ഈ ബഡ്ജറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഞാൻ 1065 കോടി രൂപ പദ്ധതി വിഹിതമായി മാറ്റിവയ്ക്കുന്നു. മറ്റ് പദ്ധതി വിഹിതങ്ങളും പദ്ധതിയേതര ഗ്രാന്റുകളും കൂടി കണക്കാക്കുമ്പോൾ ഇത് 2001-2002 ൽ 1431 കോടി രൂപയാകും. വൈദ്യുതി മേഖലയ്ക്ക് 611 കോടി സാമൂഹ്യ വികസനത്തിന് 632.42 കോടി, കാർഷിക അനുബന്ധ മേഖലയ്ക്ക് 251കോടി, ഗതാഗത - വാർത്താവിനിമയ മേഖലയ്ക്ക് 274.35 കോടി ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി 275 കോടി എന്നിങ്ങനെ ഗണ്യമായ തുകകൾ 2001 – 2002 ലെ വാർഷിക പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്. സാമ്പത്തിക മാന്ദ്യത്തിന്റേതായ നാളുകളിൽ ഈ സംസ്ഥാനത്തെ രക്ഷപ്പെടുത്തിയത് പഞ്ചായത്തുതല സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള സൂക്ഷ്മതല ധനവിനിയോഗമാണ്. ഇതിലൂടെ സമ്പദ്ഘടനയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകാനും സാമ്പത്തിക മാന്ദ്യത്തിൽ നിന്നും കരകയറാനും കഴിഞ്ഞു. സർ, നാം കണക്കറ്റ് കടം വാങ്ങുന്നു എന്ന വിമർശനം പലപ്പോഴും ഉയരാറുണ്ട്. മൂലധന നിക്ഷേപത്തിനായി കടം വാങ്ങുന്നത് കുറ്റമാണോ? സാമ്പത്തിക പുരോഗതിക്കുവേണ്ടി പണം സ്വരൂപിക്കുന്നത് കുറ്റമാണോ? അവശ്യം നിലനിൽക്കേണ്ട അടിസ്ഥാന മേഖലകളിൽ നിക്ഷേപിക്കുന്നതിനുവേണ്ടി പണം കടം വാങ്ങുന്നത് കുറ്റമാണോ? പ്രതിപക്ഷത്തിന് ഇപ്പോഴും അത് തെറ്റാണെന്ന് തോന്നുന്നുവെങ്കിൽ

സംസ്ഥാനത്തിന് മുമ്പൊരിക്കലും കൈവരിക്കാൻ സാധിക്കാത്ത തരത്തിലുള്ള വളർച്ചാനിരക്ക് കൈവരിക്കുന്നതിനുവേണ്ടി കടമെടുത്തു എന്ന കുറ്റം ഞങ്ങൾ സമ്മതിക്കുന്നു. ഞങ്ങൾ ആർക്കുവേണ്ടിയാണോ കഷ്ടപ്പെട്ടത് അവർ – ജനങ്ങൾ — ഞങ്ങളുടെ പ്രവൃത്തിയെ സ്വാഗതം ചെയ്യും. ആ സംതൃപ്തിയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

6. അതുല്യമായ ഈ വിജയം നേടാൻ കഴിഞ്ഞത് ശക്തമായ വളർച്ചയുടെ ഫലമായി മാത്രമല്ല, സാമ്പത്തിക വളർച്ചയുടെ ഗുണഫലങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിക്കണമെന്ന ഉയർന്ന ലക്ഷ്യത്തിൽ അധിഷ്ഠിതമായ കാഴ്ചപ്പാടിന്റെ കൂടി ഫലമാണ്.

**ദേശീയ സാമ്പത്തിക സ്ഥിതി**

7. ദേശീയ സമ്പദ്ഘടനയുടെ പശ്ചാത്തലത്തിൽ മാത്രമേ സംസ്ഥാന സമ്പദ്ഘടനയെ വിലയിരുത്താൻ കഴിയൂ. രാജ്യത്തെ വിടെയും എന്നപോലെ ഭീമമായ ബഡ്ജറ്റ് കമ്മിയുടെ കാലഘട്ടത്തിലാണ് നമ്മളും പ്രവർത്തിക്കുന്നത്. കഴിഞ്ഞ രണ്ടു ദശകങ്ങളിലായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വമ്പിച്ച റവന്യൂ കമ്മിയിലാണ്. മറ്റു മാർഗ്ഗങ്ങളുടെ അഭാവത്തിൽ, ഈ കമ്മി നികത്തുന്നതിന് കടമെടുപ്പിനെ മാത്രം ആശ്രയിക്കേണ്ടി വന്നു. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 1999-2000ലെ 'റിപ്പോർട്ട് ഓൺ കറൻസി ആന്റ് ഫൈനാൻസിൽ' ഇങ്ങനെ പറയുന്നു: "ബഡ്ജറ്റുകളിൽ നിന്ന് വഴുതിപ്പോകുന്ന കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വർദ്ധിച്ച തോതിലുള്ള പൊതു കടമെടുപ്പിലൂടെയാണ് നിലനില്പിനു ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആഭ്യന്തര കടവും GDP യും തമ്മിലുള്ള അനുപാതം കേന്ദ്ര സർക്കാരിൽ 1999 മാർച്ച് അവസാനത്തിലെ 50.6 ശതമാനത്തിൽ നിന്നും 2000 മാർച്ച് അവസാനം 52.9% ആയും സംസ്ഥാനങ്ങളുടേത് ഇതേ കാലയളവിൽ 19.4 % ൽ നിന്നും 21.5% ആയും ഉയർന്നു. ഇങ്ങനെ ഉയർന്ന തോതിലുള്ള ധനക്കമ്മി കടം കുന്നുകൂടുന്നതിന് ഇടയാക്കി." ഇൻഡ്യാ ഗവൺമെന്റ് ഇന്ന് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രയാസങ്ങളുടെ വെളിച്ചത്തിൽ അവരുടെ വാർഷിക കടമെടുപ്പ് ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. സാമ്പത്തിക പ്രയാസം അഭിമുഖീകരിക്കുന്ന സംസ്ഥാനങ്ങൾക്ക് റിസർവ്വ് ബാങ്ക് അനുവദിക്കുന്ന താത്കാലികാശ്വാസമായ 'വേയ്സ് ആന്റ് മീൻസ് അഡ്വാൻസു'കളുടെ കാര്യത്തിൽ പോലും സ്ഥിതി ഇനിപ്പറയും പ്രകാരമാണ്. ആദ്യത്തെ ഒൻപതു മാസം (ഏപ്രിൽ - ഡിസംബർ 2000) ശരാശരി 'വേയ്സ് ആന്റ് മീൻസ് അഡ്വാൻസ്' 6061 കോടി രൂപയായിരുന്നു. മുൻകൊല്ലം ഇതേ കാലയളവിൽ ഇത് 5710 കോടി രൂപ മാത്രമായിരുന്നു. കേന്ദ്രത്തിനുള്ള റിസർവ്വ് ബാങ്കിന്റെ ശരാശരി ഇൻക്രിമെന്റൽ നെറ്റ് ക്രെഡിറ്റും മുൻകൊല്ലം ഇതേ

കാലയളവിലേതിനേക്കാൾ കൂടുതലാണ്. ഇതേ സമയം ഇൻഡ്യാ ഗവൺമെന്റിന്റെ പദ്ധതിച്ചെലവ് ഏഴ് ശതമാനത്തോളം കുറഞ്ഞിട്ടുണ്ടെന്ന വസ്തുത സാമ്പത്തിക സ്ഥിതിയുടെ ദയനീയ ചിത്രം അനാവരണം ചെയ്യുന്നു. ദേശീയ സാമ്പത്തിക സ്ഥിതി വിലയിരുത്തപ്പെട്ട ഒരു രേഖയിലും സമ്പദ്ഘടനയുടെ ഗതി മുന്നോട്ടാണെന്നതിനുള്ള ഒരു സൂചനയും ലഭ്യമല്ല. കടുത്ത വിമർശനങ്ങൾക്കൊന്നും മുതിരാതെ മിതമായി പറയട്ടെ, രാജ്യമാസകലം വീശിക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ തണുത്തുറഞ്ഞ കാറ്റാണ് നമ്മുടെ സംസ്ഥാനത്തും വീശുന്നത്.

8. മിക്കവാറും എല്ലാ സംസ്ഥാനങ്ങളുടേയും സാമ്പത്തിക നില അത്ര തൃപ്തികരമായ സ്ഥിതിയിലല്ല. അര ഡസനിലേറെ സംസ്ഥാനങ്ങൾ 1999-2000 വർഷത്തെ പദ്ധതി അടങ്കലിൽ 15 ശതമാനം മുതൽ 53 ശതമാനം വരെ വെട്ടിക്കുറവു വരുത്തിയിരിക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ പത്ത് സംസ്ഥാനങ്ങൾക്കെങ്കിലും ഇതിനേക്കാൾ കടുത്ത പദ്ധതി വെട്ടിക്കുറവ് വരുത്തേണ്ടിവരുമെന്നാണ് അനൗദ്യോഗിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. റിസർവ്വ് ബാങ്ക് കണക്കനുസരിച്ച് 1996-ൽ നിന്നും 2001 ലേക്ക് വരുമ്പോൾ എല്ലാ സംസ്ഥാനങ്ങളുടേയും കടം 2.12ലക്ഷം കോടിയിൽ നിന്നും 4.99 ലക്ഷം കോടി രൂപയായി വർദ്ധിക്കും. അതായത് അഞ്ച് വർഷം കൊണ്ട് 135 ശതമാനത്തിൽ കൂടുതൽ കടം വർദ്ധിക്കും. മുമ്പൊരിക്കലും റിസർവ്വ് ബാങ്കിൽനിന്നും ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ലാത്ത സംസ്ഥാനങ്ങളിൽ പലതും ഇപ്പോൾ നിരന്തരമായി ഓവർ ഡ്രാഫ്റ്റിനെ ആശ്രയിച്ചുകൊണ്ടിരിക്കുകയാണ്. ഹ്രസ്വകാല 'വേയ്സ് ആന്റ് മീൻസ് അഡ്വാൻസി'നുവേണ്ടി പല സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കരാർ ഒപ്പിടുകയാണ്. സ്വന്തം ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാനോ നിയമാനുസരണം വേണ്ട മറ്റ് ചെലവുകൾ നിർവ്വഹിക്കാനോ പല സംസ്ഥാനങ്ങൾക്കും കഴിയുന്നില്ല. ചില സർക്കാരുകൾ വർഷങ്ങളായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുപോലുമില്ല. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി കേന്ദ്രം അനുവദിച്ചിരിക്കുന്ന 'വെയ്സ് ആന്റ് മീൻസ് അഡ്വാൻസ്' പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞു. സംസ്ഥാനങ്ങൾ നേരിടുന്ന സാമ്പത്തിക സമ്മർദ്ദം അത്രയ്ക്ക് ഗുരുതരമാണ്.

**കേന്ദ്ര - സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ**

9. കഴിഞ്ഞ അഞ്ചു ദശാബ്ദങ്ങളായി ഈ രാജ്യത്ത് നാം കാത്തു സൂക്ഷിച്ചു വളർത്തിയ സാമ്പത്തിക ഫെഡറലിസത്തിന്റെ കടയ്ക്കൽ

കത്തി വയ്ക്കുന്ന ചില ദൗർഭാഗ്യകരമായ സംഭവ വികാസങ്ങൾ കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ ഉയർന്നു വന്നിട്ടുള്ള കാര്യം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ കൂടുതൽ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഉത്തരവ് ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് കഴിഞ്ഞ ഏപ്രിൽ 28ന് പുറപ്പെടുവിക്കുകയുണ്ടായി. ഇത് 'സംസ്ഥാനങ്ങളിലെ റവന്യൂ കമ്മി കുറച്ചു കൊണ്ടുവരുന്നത് ലക്ഷ്യം വച്ചുകൊണ്ടുള്ള പരിശോധനാ വിധേയമായ" സാമ്പത്തിക പരിഷ്കാരനടപടികൾ ആവിഷ്കരിക്കുന്നതിന് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ വിഷയത്തിൽ സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായുവാനോ അവയുടെ ആശങ്കകൾ പ്രകടിപ്പിക്കാനുള്ള ഒരു വേദി ഒരുക്കുവാനോ ഉള്ള നടപടികൾ ഉണ്ടായില്ല. ഭരണ ഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള സാമ്പത്തിക ഫെഡറലിസത്തിന്റെ തത്വങ്ങളിൽ അടിസ്ഥാനപരമായ മാറ്റത്തിന് ഇത് വഴി വച്ചിരിക്കുന്നു. ഇപ്രകാരം സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി നിയന്ത്രിക്കുന്നതിനുള്ള ദൗത്യം കേന്ദ്രം തന്നെ നേരിട്ട് കയ്യാളുന്നതിനുള്ള ശ്രമമാണ് നടത്തുന്നതെന്ന് കാണാവുന്നതാണ്. റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള അന്തരമാണ് ഓരോ സംസ്ഥാനത്തിന്റെയും റവന്യൂ കമ്മി. പ്രഥമ വീക്ഷണത്തിൽ കേന്ദ്ര നടപടി ശരിയാണെന്നു തോന്നാം. എന്നാൽ കേന്ദ്രത്തിൽ നിന്നും വ്യത്യസ്തമായി സ്റ്റേറ്റുകൾക്ക് റവന്യൂ കമ്മി നികത്താൻ പൊതു കടമെടുപ്പിനെ ആശ്രയിക്കേണ്ടി വരുന്നു. ഒരു സംസ്ഥാനത്തിന്റെ പൊതുക്കടം ആ സംസ്ഥാനത്തിന്റെ മാത്രമായ അധികാര മേഖലയാണ്. അതുകൊണ്ടാണ് ഭരണഘടനാശില്പികൾ ഇതിനെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിൽ നാല്പത്തിമൂന്നാം ഇനമായി ഉൾപ്പെടുത്തിയിരിക്കുന്നത്. 293-ാം വകുപ്പ് വിഭാവനം ചെയ്യുന്ന പ്രകാരമല്ലാതെ സംസ്ഥാനങ്ങളുടെ പൊതുകടത്തിന്മേൽ കേന്ദ്രത്തിന്റെ മേൽനോട്ടമോ നിയന്ത്രണമോ ഭരണഘടന അനുവദിക്കുന്നില്ല. ചുരുക്കത്തിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക കമ്മി അവലോകനം ചെയ്യുന്നതിനുള്ള സമ്പ്രദായം നിലവിൽ വന്നപ്പോൾ അവരുടെ പൊതുക്കടം കേന്ദ്രത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടുന്ന ദൗർഭാഗ്യകരമായ സാഹചര്യം സംസ്ഥാനങ്ങളുടെ മേൽ അടിച്ചേല്പിക്കപ്പെട്ടിരിക്കുന്നു. ഈ പരിശോധനയിൽ പരാജയപ്പെട്ടാൽ കേന്ദ്രത്തിൽ നിന്നും നമുക്ക് ലഭിക്കേണ്ടുന്ന ധനസഹായങ്ങൾ നിഷേധിക്കപ്പെടും. ഈ നീക്കം വ്യക്തമായും സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണ്. കേന്ദ്ര സർക്കാരിനു പോലും തങ്ങളുടെ ധനക്കമ്മി കുറച്ചുകൊണ്ടു വരാൻ കഴിയുന്നില്ല എന്ന് വ്യക്തമായ സാഹചര്യത്തിലാണ് ഈ

നടപടികൾ എന്നോർക്കണം. ഭരണഘടനയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന സാമ്പത്തിക ഫെഡറലിസത്തിന്റെ ഘടനയെ ദുർബ്ബലപ്പെടുത്താൻ ഒരു ധനകാര്യക്കമ്മീഷനെ കരുവാക്കുന്ന ഈ നടപടി ചരിത്രത്തിൽ ആദ്യത്തേതാണ്.

10. സബ്സിഡികൾ നിർത്തലാക്കുക, സർക്കാർ ജീവനക്കാരുടെ എണ്ണം പടിപടിയായി കുറയ്ക്കുക, നിയമന നിരോധനം ഏർപ്പെടുത്തുക, വേതനവും ക്ഷാമബത്തയും മരവിപ്പിക്കുക, സംസ്ഥാന പൊതുമേഖലകളെ സ്വകാര്യവത്കരിക്കുക, പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുക, കഴിയുന്നത്ര നികുതികൾ ചുമത്തുക എന്നിവയാണ് സംസ്ഥാനങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രതിവിധികൾ. എന്നാൽ സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും വികസന പ്രവർത്തനം തടസ്സപ്പെടുത്തുന്നതുമായ ഇത്തരം നിർദ്ദേശങ്ങൾ ഇടതുപക്ഷ ഗവൺമെന്റിന് സ്വീകാര്യമല്ല. ഇതിന് ബദലായി സംസ്ഥാനങ്ങളുടെ വർദ്ധിച്ചുവരുന്ന ഉത്തരവാദിത്വം നിറവേറ്റുന്നതിന് സഹായകരമായ തരത്തിൽ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 50% ആയി ഉയർത്തണമെന്നും, പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ മൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന്, സമാനമായ തുക പ്രത്യേക ഗ്രാന്റായി കേന്ദ്രം അനുവദിക്കുകയോ അല്ലാത്ത പക്ഷം സംസ്ഥാനം കേന്ദ്രത്തിന് തിരിച്ചടക്കേണ്ടതായ തുകയിൽ ഈ നഷ്ടം തട്ടിക്കിഴിക്കുകയോ ചെയ്യണമെന്ന് നമുക്ക് ഏകകണ്ഠമായി ആവശ്യപ്പെടാം. പദ്ധതി സഹായത്തിലെ കടവും സഹായധനവും തമ്മിൽ ഇപ്പോൾ നിലവിലുള്ള 70 : 30 എന്ന അനുപാതം 50 : 50 എന്നാക്കി മാറ്റണമെന്ന് നമ്മൾ ആവശ്യപ്പെടുന്നു. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിരിക്കുന്നുവെന്ന പ്രചാരണം കേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ച് ധാരണാപത്രം ഒപ്പിട്ട മറ്റു സംസ്ഥാനങ്ങളെപ്പോലെ കേരളത്തെയും അടിയറ പറയിപ്പിക്കാനുള്ള തന്ത്രം ആണ്. ഈ ദുഷ്പ്രചാരണം ജനങ്ങളുടെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. കേന്ദ്രത്തിൽനിന്ന് അർഹമായ വിഹിതം യോജിച്ചു നിന്ന് നേടിയെടുക്കുന്നതിനും അതുവഴി ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക ഫെഡറലിസം ഉറപ്പാക്കാനുമുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന് സഭയുടെ എല്ലാഭാഗത്തു നിന്നുമുള്ള സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

**സംസ്ഥാനത്തിന്റെ ധന മാനേജ്മെന്റ്**

11. അടുത്ത രണ്ടോ മൂന്നോ മാസങ്ങൾക്കകം സംസ്ഥാനത്തെ തെരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയാവും. തെരഞ്ഞെടുപ്പു വർഷത്തിലായതിനാൽ വിജയകരമായി കാലാവധി പൂർത്തിയാക്കുന്ന ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കരിതേച്ചു കാണിക്കുവാൻ എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തുന്ന ഒരു പ്രതിപക്ഷത്തെയാണ് ഞാൻ അഭിമുഖീകരിക്കുന്നത്. രാഷ്ട്രീയ രംഗത്ത് ഇന്നു കാണുന്ന ദൗർഭാഗ്യകരമായ ഒരു പ്രവണതയാണിത്. സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് ഏറെ സങ്കീർണമാണെന്നിരിക്കെ, അത് ഇത്തരം ദുരാരോപണങ്ങൾക്ക് പെട്ടെന്ന് ഇരയാകുമെന്നതിന് സംശയമില്ല. അതിനാൽ അപ്രകാരമുള്ള വിമർശനങ്ങളുടെ പൊള്ളത്തരം തുറന്നു കാട്ടുന്നതിനു വേണ്ടി ഈ സഭയുടെ വിലപ്പെട്ട ഏതാനും നിമിഷങ്ങൾ ഞാൻ ഉപയോഗിക്കട്ടെ. അനിയന്ത്രിതമായി ചെലവു ചെയ്യുന്നു എന്നതാണല്ലോ ഈ ഗവൺമെന്റിനെതിരെ ഉന്നയിക്കപ്പെടുന്ന ഒരു പ്രധാന ആരോപണം. സത്യവുമായി പുലബന്ധം പോലുമില്ലാത്ത ഒരു വിമർശനമാണിത്. 1996-97 മുതൽ 1999-2000 വരെയുള്ള കഴിഞ്ഞ നാല് വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം റവന്യൂ ചെലവുകളുടെ കാര്യത്തിൽ നിയമസഭ പാസാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിനകത്ത് ചെലവുകൾ ഒതുക്കിനിർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

12. മുൻ വർഷങ്ങളെ അപേക്ഷിച്ച് 1998-99, 1999-2000 വർഷങ്ങളിൽ പദ്ധതിയേതര റവന്യൂചെലവുകളിൽ യഥാക്രമം 21.4 ശതമാനത്തിന്റേയും 25.33 ശതമാനത്തിന്റേയും വർദ്ധന ഉണ്ടായിട്ടുണ്ട്. 1998-99 ൽ റവന്യൂ ചെലവിന്റെ നാലു മേഖലകളായ സാമ്പത്തിക സർവീസുകൾ, സാമൂഹ്യ സർവീസുകൾ, പൊതു സർവീസുകൾ, ഗ്രാന്റ്- ഇൻ -എയ്ഡുകളും സംഭാവനകളും എന്നിവയിൽ വച്ച് സാമ്പത്തിക സർവീസുകളിലെ ചെലവിൽ മാത്രമാണ് 43.56 ശതമാനം വർദ്ധന ഉണ്ടായത്. ഇതിനു കാരണം ഗ്രാമീണ വികസനത്തിന് ഈ സർക്കാർ നൽകിയ ഊന്നലാണ്. വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കിയതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച പദ്ധതി വിഹിതം ഉൾപ്പെടുന്ന ഈ മേഖലയുടെ വിഹിതത്തിൽ 80 ശതമാനം വർദ്ധനവുണ്ടായി. പദ്ധതിയേതര റവന്യൂചെലവിന്റെ മറ്റെല്ലാ മേഖലകളിലും ഇത് 17 ശതമാനത്തിൽ താഴെ മാത്രമാണ്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനു ശേഷം പോലും പദ്ധതിയേതര മേഖലകളിലെ ചെലവ് പലയിനങ്ങളിലും 14 ശതമാനത്തിൽ താഴെയാണെന്നു കാണാം.

13. നേരെമറിച്ച് 1999-2000 ൽ പൊതുസേവന രംഗത്ത് ചെലവിൽ 40.76 ശതമാനം വർദ്ധനവുണ്ടായി. പെൻഷൻ, പലിശ എന്നീ ഇനങ്ങളിലുണ്ടായ വർദ്ധനവാണ് ഇതിനു കാരണം. 1998-99-ലേതിനെ അപേക്ഷിച്ച് 1999-2000 ൽ പെൻഷൻ ചെലവ് 654 കോടി രൂപ കണ്ട് വർദ്ധിച്ചു. ആ വർഷം റിട്ടയർചെയ്ത ജീവനക്കാരുടെ പെൻഷനും മറ്റാനുകൂല്യങ്ങളും പുതുക്കിയ നിരക്കിൽ കൊടുക്കേണ്ടിവന്നതിനാലാണ് ക്രമാതീതമായ ഈ വർദ്ധനവുണ്ടായത്. അതു കൂടാതെ വായ്പകൾക്കുമേൽ നൽകേണ്ടിവന്ന പലിശ 506 കോടി രൂപ കണ്ട് വർദ്ധിച്ചു. ഇത് സംസ്ഥാന ബഡ്ജറ്റിൽ അംഗീകരിച്ച ചെലവുകൾ വഹിക്കുന്നതിനുവേണ്ടി എടുക്കേണ്ടി വന്ന ഹ്രസ്വകാല വായ്പകൾക്കു വേണ്ടിയായിരുന്നു. സംസ്ഥാനത്തു നിലനിന്ന സാമ്പത്തിക മാന്ദ്യം മൂലം റവന്യൂ പിരിവുകളിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. ഇക്കാരണങ്ങളാൽ ഗവൺമെന്റിന് ഹ്രസ്വകാല വായ്പകളെ ആശ്രയിക്കേണ്ടി വന്നു.

14. ഇത്രയേറെ പ്രതികൂലമായ സാഹചര്യത്തിൽ പ്രവർത്തിക്കേണ്ടിവന്നപ്പോഴും 1994-96 കാലഘട്ടത്തെ ചെലവുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇനംതിരിച്ചുള്ള ചെലവുകളിൽ കേവലം 16%ൽ താഴെയുള്ള വർദ്ധനവു മാത്രമാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ളത്. മുൻ ഗവൺമെന്റിനെ അപേക്ഷിച്ച് വിവേകപൂർവ്വമായി സാമ്പത്തിക മാനേജ്മെന്റ് കൈകാര്യം ചെയ്തത് ഈ ഗവൺമെന്റാണെന്ന കാര്യം ഇതിൽനിന്നും വ്യക്തമാവും. ഇതിനർത്ഥം, അനാവശ്യമായ ചെലവുകൾ എവിടെവിടെ കണ്ടുപിടിക്കപ്പെട്ടാലും നിയന്ത്രിക്കുകയില്ലെന്നല്ല. എന്നാൽ എന്റെ കാലഘട്ടത്തിൽ, ചെലവിനങ്ങളിൽ കാണുന്ന വർദ്ധനവിന് കാരണമായത് ശമ്പളവും പെൻഷനും കൊടുത്ത വകയിലുണ്ടായ വർദ്ധന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വർദ്ധിച്ച അടങ്കൽ തുക, പലിശ കൊടുക്കുന്നതിന് വേണ്ടിവന്ന അധിക തുക ഇവയൊക്കെയാണ്. സംസ്ഥാനങ്ങളിലെ ചെലവു ചുരുക്കുന്നതിനുള്ള ശ്രമങ്ങളെ സംബന്ധിച്ച് 24-11-2000ൽ ലോക ബാങ്ക് സംഘടിപ്പിച്ച സെമിനാറിൽ റിസർവ്വ് ബാങ്കിന്റെ ഡപ്യൂട്ടി ഗവർണറും പബ്ലിക് ഫൈനാൻസിൽ ഒരാധികാരിക വക്താവുമായ ഡോ.വൈ.വി.റെഡ്ഡി ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി. "ബാദ്ധ്യതപ്പെട്ട ചെലവിനങ്ങളായ ശമ്പളം, പെൻഷൻ, പലിശ എന്നിവയിലുണ്ടായ വൻതോതിലുള്ള വർദ്ധന സാമ്പത്തിക ക്രമീകരണത്തിൽ കടുത്ത പരിമിതികൾ സൃഷ്ടിക്കുന്നു."

15. പൊതുചെലവിനങ്ങളിൽ വന്നിട്ടുള്ള വർദ്ധന ഏതെല്ലാം ഇനങ്ങളിൽ എത്രത്തോളം എന്ന് ഇനി ഞാൻ വിശദീകരിക്കാം: അഞ്ചുവർഷം കൂടുമ്പോൾ നടത്തേണ്ടുന്ന ശമ്പളപരിഷ്കരണം മുഖേന ജീവനക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്നതിനു ഈ ഗവൺമെന്റ് കാര്യമായ പരിഗണന നൽകിയിട്ടുണ്ട്. അഞ്ചാം കേന്ദ്ര ശമ്പളകമ്മീഷൻ ശുപാർശകളേക്കാൾ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകി ശമ്പള പരിഷ്കരണം നടത്തുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു പുതിയ മാനദണ്ഡം സൃഷ്ടിച്ചു. സാമ്പത്തിക പരിമിതികൾക്കകത്തു നിന്നുകൊണ്ട് ജീവനക്കാരുടെ സംഘടനകളുമായി ചർച്ചചെയ്ത് സാമാന്യം മെച്ചപ്പെട്ട ഒരു വേതന ഘടന നമ്മുടെ സംസ്ഥാനത്തും നടപ്പിലാക്കി. ശമ്പള പരിഷ്കരണത്തിന്റെ ഫലമായി ഉണ്ടാകുന്ന അധികച്ചെലവ് അനുഭവപ്പെടുക സാധാരണ ഗതിയിൽ പരിഷ്കരണം നടത്തി തുടർന്നുള്ള രണ്ടുമൂന്നു വർഷങ്ങളിലാണ്. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളിലായി ശമ്പളച്ചെലവിലുണ്ടായ വർദ്ധന പരിശോധിച്ചാൽ ജീവനക്കാർക്ക് ലഭ്യമായ യഥാർത്ഥ ആനുകൂല്യത്തിന്റെ തോത് വെളിപ്പെടും. 1992ലെ ശമ്പളപരിഷ്കരണത്തിന്റെ ഫലമായി ഉണ്ടായ അധികച്ചെലവ് 24.62 ശതമാനമായിരുന്നപ്പോൾ 1997ലെ ശമ്പള പരിഷ്കരണം മൂലമുണ്ടായ വർദ്ധന 36.31 ശതമാനമാണ്.

16. പെൻഷൻ പരിഷ്കരിക്കുന്നതിലും ഇതേ സമീപനമാണ് സർക്കാർ സ്വീകരിച്ചത്. മുൻ കാലങ്ങളിൽ ശമ്പളപരിഷ്കരണ സമയത്ത് പെൻഷൻകാർ പരിഷ്കരണകാര്യങ്ങളിൽ അവഗണിക്കപ്പെട്ട വിഭാഗമായിരുന്നു. 1997 ലെ ശമ്പള പരിഷ്കരണത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുന്നിടത്തോളം ശ്രദ്ധിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ 1992 ലെ ശമ്പള പരിഷ്കരണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ പെൻഷൻകാരുടെ പ്രശ്നം ഉൾപ്പെടുത്തിയിട്ടുപോലുമില്ലായിരുന്നു. അവകാശങ്ങൾ നിഷേധിക്കപ്പെട്ട അസംതൃപ്തരായ ജീവനക്കാരെ ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടു കൊണ്ടുപോവുക ഗവൺമെന്റിന് അസാദ്ധ്യമായിരിക്കും. ഏതൊരു പുരോഗമന ഗവൺമെന്റിൽനിന്നും പ്രതീക്ഷിക്കുന്നതുപോലെ ഈ സർക്കാരും സാമ്പത്തിക അച്ചടക്കം ബലികഴിക്കാതെ സ്വന്തം ജീവനക്കാരോടും പെൻഷൻകാരോടും പരമാവധി നീതി പുലർത്തിയിട്ടുണ്ട്. പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷനിൽ 27.36 ശതമാനം വർദ്ധന മാത്രമായിരുന്ന സ്ഥാനത്ത് ഇപ്പോഴത്തെ പരിഷ്കരണത്തിന്റെ ഫലമായി വർദ്ധന 40.21 ശതമാനമായി ഉയർന്നു. ഒപ്പം കാർഷിക വ്യവസായ പരമ്പരാഗത മേഖലകളിലെ തൊഴിലാളി പെൻഷ

നുകളുടേയും ഇതര ക്ഷേമ പെൻഷനുകളുടേയും തുകയും വർദ്ധിപ്പിച്ചു.

17. സംസ്ഥാനത്തിന്റെ കടം ക്രമാതീതമായി വർദ്ധിച്ചുവെന്ന ഒരു വിമർശനം പലപ്പോഴും ഉയർന്നു കേൾക്കുന്നതാണ്. സംസ്ഥാനം കടത്തിൽ മുങ്ങിയെന്നോ, കടക്കെണിയിൽ അകപ്പെട്ടിരിക്കുകയാണെന്നോ ഒക്കെയാണ് തല്പര കക്ഷികൾ പ്രചരിപ്പിക്കുന്നത്. ബോധപൂർവ്വമായ ഇത്തരം കുപ്രചാരണങ്ങളിൽ ചിലരെങ്കിലും അറിയാതെ വീണു പോയിരിക്കാം. അവർക്ക് സത്യസ്ഥിതി മനസ്സിലാക്കുന്നതിനായി ഏതാനും കാര്യങ്ങൾ വെളിപ്പെടുത്തുന്നതിന് ഞാൻ ഈയവസരം ഉപയോഗിക്കട്ടെ. വരുമാനത്തിന്റെ വിടവ് നികത്താനായി സ്വരൂപിക്കുന്ന കടം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ രണ്ടുമാർഗ്ഗങ്ങളാണുള്ളത്. ഒന്നാമതായി ന്യായമായ ആവശ്യങ്ങൾക്കുവേണ്ടിയാണോ ഈ കടം ചെലവഴിച്ചിട്ടുള്ളത്. രണ്ടാമതായി വരുംതലമുറയ്ക്ക് ഇത് ഭാരിച്ച ബാദ്ധ്യതയായി തീരുമോ? 1997-98 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച തോതിൽ ധന കൈമാറ്റം ചെയ്ത കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഈ ചെലവുകളിൽ ഭൂരിഭാഗവും റോഡുകൾ, ആശുപത്രികൾ, സ്കൂളുകൾ, സാമൂഹ്യ വികസനം എന്നീ മൂലധന മേഖലകൾക്കാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ രൂപം നൽകിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം ഈ ചെലവുകളെ 'റവന്യൂ ഗ്രാന്റ്' ഇനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തന്മൂലം ഓരോ വർഷവും നിയമസഭയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിൽ റവന്യൂ കമ്മി 1000 കോടിയോളം കണ്ട് വർദ്ധിക്കുന്നുണ്ട്.

18. കൂടെക്കൂടെ ബോധപൂർവ്വം ഉദ്ധരിക്കുന്ന ഈ കടത്തിന്റെ കണക്കു നമുക്കു ഇനി വിശദമായി പരിശോധിക്കാം. 1990-1995, 1995-2000 കാലഘട്ടങ്ങളിൽ കടത്തിന്റെ ശരാശരി വളർച്ചാനിരക്ക് 18 ശതമാനം ആയിരുന്നു എന്നതാണ് യാഥാർത്ഥ്യം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കടത്തിന്റെ വളർച്ചാനിരക്ക് ഈ ദശകത്തിൽ ഒരേപോലെ നിലനിന്നിരുന്നതായി കാണാം. 1994-95ൽ കടത്തിന്റെ വളർച്ച 22.53 ശതമാനത്തിലേയ്ക്ക് ഉയർന്നു. ഇതിനെ 1996-97ൽ 12.93 ശതമാനമായും 1997-98ൽ 12.67 ശതമാനമായും താഴ്ത്തിക്കൊണ്ടുവരാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. നേരത്തെ വിവരിച്ച കാരണങ്ങളാൽ 98-99ൽ കൂടുതൽ കടമെടുക്കാൻ ഗവൺമെന്റ് നിർബന്ധിതമായി. 31.3.2000 ആയപ്പോഴേയ്ക്കും കടം 20,176 കോടി രൂപയായി. ഈ പശ്ചാത്തലത്തിൽ വേണം കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യ

മാനേജ്മെന്റിന്റെ ഉദാഹരണമായി 400 കോടി രൂപാ മിച്ചം വച്ചു കൊണ്ടാണ് ഖജാന കൈമാറിയതെന്ന രസകരമായ കഥയുടെ പൊരുൾ തേടേണ്ടത്. ഒന്നാമതായി, ഉദ്ധരിക്കപ്പെട്ട കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം ശരിയല്ല. എന്നാൽ ഈ അവകാശ വാദത്തിലടങ്ങിയിരിക്കുന്ന വിരോധാഭാസം മനസ്സിലാക്കേണ്ടതുണ്ട്. ഒരു ഗവൺമെന്റിന്റെ കടം 15 മുതൽ 23 ശതമാനം വരെ വളർച്ചാനിരക്ക് രേഖപ്പെടുത്തുമ്പോൾ ട്രഷറിയിൽ മിച്ചമുണ്ടെന്ന് അവകാശപ്പെടുന്നതിന് അർത്ഥം അനാവശ്യമായി കടം വാങ്ങി ഒഴിവാക്കാമായിരുന്ന പലിശ ബാദ്ധ്യത വരുത്തിവെച്ചുവെന്നതാണ്. ഇത് കെടുകാര്യസ്ഥതയുടെ മകുടോദാഹരണം അല്ലെങ്കിൽ മറ്റെന്താണ്? നേരെമറിച്ച് ഈ ഗവൺമെന്റ് അടുത്തകാലത്തായി വാങ്ങിയ കടങ്ങളെല്ലാം തന്നെ സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് അനായാസം വീട്ടിത്തീർക്കാവുന്ന ഹ്രസ്വകാല വായ്പകൾ മാത്രമായിരുന്നു എന്നു കാണാം. ഇതു പോലും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി മാത്രമാണ് വാങ്ങിച്ചിട്ടുള്ളത്.

## വികസനവും പദ്ധതി അടങ്കലും

19. സാമ്പത്തികമാന്ദ്യത്തിന്റെ ഈ കാലഘട്ടത്തിലും പദ്ധതി ച്ചെലവുകൾ പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് നടത്തിയിട്ടുള്ള ശ്രമങ്ങളിലൂടെ പ്രകടമാകുന്നത് സംസ്ഥാന സർക്കാരിന്റെ വികസനത്തോടുള്ള പ്രതിബദ്ധതയാണ്. വർഷങ്ങളായി സംസ്ഥാനത്തിന്റെ കടബാദ്ധ്യത എങ്ങനെയാണ് ഇത്രയധികം ഉയർന്നത് എന്ന് പഠിക്കാൻ ശ്രമിക്കാതെ ഈ ഗവൺമെന്റ് വളരെയധികം കടബാദ്ധ്യത വരുത്തി വച്ചു എന്നതാണ് ഇക്കൂട്ടർ നടത്തുന്ന വ്യാജപ്രചരണം. യഥാർത്ഥത്തിൽ പദ്ധതിച്ചെലവുകൾ ഗണ്യമായി വെട്ടിക്കുറച്ചുകൊണ്ട് സാമ്പത്തിക ബുദ്ധിമുട്ടിൽ നിന്ന് ഗവൺമെന്റിന് കരകയറാമായിരുന്നു. മാന്ദ്യത്തിന്റെ കാലഘട്ടത്തിൽ ഇതല്ലാതെ മറ്റ് പോംവഴിയില്ലെന്ന ന്യായത്തിന്റെ മറവിൽ അഭയം തേടാമായിരുന്നു. 1991 – 92 കാലഘട്ടത്തിൽ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ പദ്ധതി അടങ്കൽ 807 കോടി രൂപയിൽനിന്നും 623 കോടി രൂപയായി വെട്ടിച്ചുരുക്കിയിരുന്നു. തുടർന്ന് 92-93-ലും പദ്ധതി അടങ്കൽ 913 കോടിയിൽ നിന്ന് 807 കോടി രൂപയായി വെട്ടിച്ചുരുക്കുകയാണുണ്ടായത്. എന്നാൽ ഈ എളുപ്പവഴി ഒഴിവാക്കി വികസന പ്രക്രിയ പൂർത്തിയാക്കാൻ കഴിയുന്ന ശ്രമകരമായ പാത സ്വീകരിച്ചു എന്നുള്ളത് ഈ ഗവൺമെന്റിന് അഭിമാനിക്കാവുന്നതാണ്. പദ്ധതി അടങ്കൽ 1991 - 92 ൽ 623 കോടി രൂപയായിരുന്നത് 2001-2002 -ൽ 3600 കോടി രൂപയായി ഉയർന്നു - പത്തുവർഷത്തിനുള്ളിൽ ആറ് മടങ്ങോളം

വർദ്ധന. രാജ്യത്ത് പൊതുവെയും നമ്മുടെ കാർഷിക മേഖലയിൽ പ്രത്യേകിച്ചും നിലനിന്നിരുന്ന പ്രക്ഷുബ്ധമായ സാമ്പത്തിക മാന്ദ്യത്തിന്റെ നടുവിലും പദ്ധതിച്ചെലവുകൾ ചുരുക്കുക എന്ന എളുപ്പമാർഗ്ഗം അവലംബിക്കാതെ ഈ ഗവൺമെന്റ് പദ്ധതിച്ചെലവുകൾ പൂർത്തിയാക്കി എന്നത് തികച്ചും സംതൃപ്തിക്കു വകനൽകുന്നു.

20. പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച 1999-2000ലെ പദ്ധതി അടങ്കൽ 3250 കോടി രൂപയായിരുന്നു. ഇതിൽ 2117 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കുമെന്ന് പ്ലാനിംഗ് ബോർഡുമായി നടന്ന ചർച്ചയിൽ തീരുമാനിക്കപ്പെട്ടിരുന്നു. എന്നാൽ 2000 ജനുവരി ആയപ്പോൾ കേന്ദ്ര സഹായത്തിൽ 531 കോടി രൂപയുടെ വെട്ടിക്കുറവു വരുത്തിയതായി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചു. എന്നാൽ ഇത്തരത്തിലുള്ള സാമ്പത്തിക ഞെരുക്കങ്ങൾ ഉണ്ടായിരുന്നിട്ടും പദ്ധതിച്ചെലവുകൾ അഭിമാനകരമായി പൂർത്തിയാക്കാനും കേന്ദ്രം വരുത്തിയ കുറവിന്റെ ആഘാതത്തെ അതിജീവിക്കാനും ഗവൺമെന്റിനു കഴിഞ്ഞു. ഇത് വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധതയെ വീണ്ടും ഉയർത്തിക്കാട്ടുന്ന നടപടിയാണ്.

21. ഒരു ചോദ്യത്തിന് മറുപടി കൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടോ? എങ്കിൽ അതിന് കാരണമെന്താണ്? നികുതി-നികുതിയേതര വരുമാനം, ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരമുള്ള കേന്ദ്രനികുതിവിഹിതം, കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടുന്ന വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് എന്നിവ കൊണ്ടാണ് ഗവൺമെന്റ് അതിന്റെ ചെലവുകൾ നിർവ്വഹി ക്കുന്നത്. പോരാതെ വരുന്ന തുകയ്ക്ക് വിവിധ സ്രോതസ്സു കളിൽനിന്നുള്ള കടമെടുപ്പിനെയാണ് അവലംബിക്കാറുള്ളത്. സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് സംസ്ഥാന നികുതിവരുമാനത്തിൽ 95-96ൽ 21% വർദ്ധനയുണ്ടായിരുന്നത് 96-97, 97-98 എന്നീ വർഷങ്ങളിൽ 15% ആയി കുറയുകയും അതിനുശേഷം 98-99-ൽ വെറും 3.3% ആയി കുത്തനെ കുറയുകയുമാണ് ചെയ്തത്. ഇത് 1999-2000ൽ നേരിയ തോതിലുള്ള തിരുച്ചുവരവിന്റെ ലക്ഷണങ്ങൾ കാണിച്ചുകൊണ്ട് 11.7% ആയി ഉയർന്നു. സംസ്ഥാന ഗവൺമെന്റിന്റെ ബുദ്ധിമുട്ടുകൾ വർദ്ധിപ്പിക്കുന്ന തരത്തിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കേന്ദ്രഗവർമെന്റിൽനിന്നുള്ള നികുതി വിഹിത ഇനത്തിലും, ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിലുമുള്ള വർദ്ധനവിന്റെ തോത് വെറും 8.55% മാത്രമാണ്. പണപ്പെരുപ്പത്തിന്റെ തോത് കണക്കിലെടുക്കുമ്പോൾ യഥാർത്ഥ വരവിൽ വർദ്ധന ഉണ്ടായിട്ടില്ലെന്ന് കാണാം.

22. നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ കാർഷികവിളകൾക്കുണ്ടായ വിലത്തകർച്ചയും സാമ്പത്തിക മാന്ദ്യവും എല്ലാം കൂടിച്ചേർന്ന് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ശ്രമകരമാക്കിത്തീർത്തു. കാർഷിക വിഭവങ്ങളുടെ വിലത്തകർച്ച മാത്രം കണക്കാക്കിയാൽ 500 കോടി രൂപയുടെ നികുതി നഷ്ടം പ്രതിവർഷം സംസ്ഥാനത്തിനു സംഭവിച്ചു കൊണ്ടിരിക്കുന്നു. കർഷകരെ വിലത്തകർച്ചയിൽനിന്നും രക്ഷപ്പെടുത്തുന്നതിന് ഈ ഗവൺമെന്റ് ആകാവുന്ന ആശ്വാസ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അവയെല്ലാം ഇവിടെ വിസ്തരിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ ആശ്വാസ നടപടികൾ മൂലം ഗണ്യമായ റവന്യൂ നഷ്ടം സർക്കാരിന് ഉണ്ടായിട്ടുണ്ട്. തേയില, കാപ്പി, കുരുമുളക്, നാളികേരം തുടങ്ങിയ കാർഷിക വിളകൾക്ക് നികുതി സൗജന്യങ്ങൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴിയുള്ള റബ്ബർ സംഭരണം മൂലം നഷ്ടം നികത്തുന്നതിനും സർക്കാർ തയ്യാറായിട്ടുണ്ട്. ഈ നടപടികളിലൂടെ കുറഞ്ഞത് 50 കോടി രൂപയുടെ വരുമാനനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അതുപോലെതന്നെ വൻകിട - ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ വ്യവസായ നയത്തിനനുസൃതമായി പ്രതിവർഷം 50 കോടിയിലേറെ സൗജന്യങ്ങൾ ഈ മേഖലയ്ക്കും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ പൊതുവിതരണ നയം മൂലം ഗണ്യമായ ഒരു വിഭാഗം സ്റ്റാറ്റ്യൂട്ടറി റേഷനിംഗിന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഫുഡ് കോർപ്പറേഷൻ വഴിയുള്ള ധാന്യവിതരണത്തിൽ വന്ന കുറവുമൂലമുള്ള നികുതി നഷ്ടം ഏകദേശം 12 മുതൽ 15 കോടിയോളം വരും. സിമന്റ്, ഇരുമ്പ്, റബ്ബർ, ന്യൂസ് പ്രിന്റ് എന്നിവയുടെ വില്പന കുറഞ്ഞതുമൂലം വർഷംതോറും 100 കോടി രൂപയുടെ വില്പന നികുതി നഷ്ടം ഗവൺമെന്റിന് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

**11-ാം ധനകാര്യ കമ്മീഷൻ അവാർഡും കേരളവും**

23. പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കേന്ദ്ര നികുതിയിൽ നിന്നുള്ള സംസ്ഥാന വിഹിതം 1995-2000 കാലഘട്ടത്തിൽ 3.859 ശതമാനം ആയിരുന്നത് 3.057 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അതുപോലെ വിവേചന സഹായം (Discretionary Grant) 249 ശതമാനം ആയിരുന്നത് 1.39 ശതമാനമായി കുത്തനെ വെട്ടിക്കുറച്ചു. ഇപ്രകാരം കേന്ദ്രം സംസ്ഥാനങ്ങൾക്കു വീതിക്കുന്ന മൊത്തം തുകയായ 4,34,905 കോടി രൂപയിൽ കേരളത്തിന്റെ വിഹിതം 12,316.72 കോടി രൂപ അതായത് മൊത്തം തുകയുടെ 2.83 ശതമാനം മാത്രമാണ്. ഇങ്ങനെ 11-ാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരം 2000-2005 കാലഘട്ടത്തിൽ 3664 കോടി രൂപയുടെ വരുമാന നഷ്ടം സംഭവിക്കും. ഇതിൽനിന്നും ഒരുകാര്യം

നമുക്കു മനസ്സിലാക്കാം. ഇൻഡ്യാ ഗവൺമെന്റിന്റെ വരുമാനം 11-ാം ധനകാര്യ കമ്മീഷൻ പ്രവചിച്ച നിലയിലാണെങ്കിൽ, സംസ്ഥാന സർക്കാരിന് ഓരോ മാസവും ശരാശരി 60 കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നതാണ്. ഈ വെട്ടിക്കുറവിന്റെ ആഘാതം ഈ വർഷം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. വരും വർഷങ്ങളിൽ നാം പ്രതീക്ഷിക്കുന്നതുപോലെ കാർഷിക മേഖലയിൽ പുരോഗതി ലഭ്യമാവുന്നില്ലെങ്കിൽ അനിതര സാധാരണമായ തീവ്ര ശ്രമത്തിലൂടെ ഈ വിടവ് നികത്തുന്നതിനു നമുക്കു കഴിയുമാറാകട്ടെയെന്നു ആശിക്കുക മാത്രമേ ഇപ്പോൾ വഴിയുള്ളൂ.

24. ധനകാര്യ മന്ത്രിയായി ഞാൻ 1996ൽ അധികാരമേൽക്കുമ്പോൾ ഭീമമായ കുടിശ്ശികയുടെ ബാദ്ധ്യതയാണ് എനിക്ക് ലഭിച്ചത്. കരാറുകാർക്കു കൊടുത്തു തീർക്കേണ്ടിയിരുന്ന കുടിശ്ശിക ഏതാണ്ട് 400 കോടി രൂപയുടേതായിരുന്നു. സ്റ്റാമ്പ് ഡ്യൂട്ടിയും മറ്റുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൊടുക്കേണ്ടിയിരുന്നത് 150 കോടി രൂപ. വിവിധ ക്ഷേമ പദ്ധതികളിലായി ദുർബ്ബല വിഭാഗങ്ങൾക്ക് 100 കോടിയിലേറെ രൂപ കുടിശ്ശികയായിരുന്നു. ജീവനക്കാർക്ക് നൽകാതിരുന്ന ക്ഷാമബത്തകളുടെ കുടിശ്ശിക 400 കോടി രൂപയുടേതായിരുന്നു. ഇതിനെല്ലാം പുറമെ മുൻ സർക്കാർ അനുമതി നൽകിയിരുന്ന വില്ലേജ് റോഡുകളുടെ നിർമ്മാണത്തിന് 150 കോടി രൂപ നൽകേണ്ടി വന്നു. ഇങ്ങനെ എല്ലാം കൂടി 1200 കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാക്കി വച്ച മുൻ സർക്കാർ വെറും 4.62 കോടി രൂപയുടെ നീക്കിബാക്കിയാണ് എന്നെ ഏല്പിച്ചത്.

25. ജനങ്ങളുടെ പ്രതീക്ഷകളും സർക്കാരിന്റെ ലക്ഷ്യവും പ്രതിഫലിപ്പിക്കുന്ന ദിശാ ബോധത്തോടെയുള്ള നയത്തിനകത്തു നിന്നുകൊണ്ട് വരുമാനത്തിന്റെ സിംഹഭാഗവും എങ്ങിനെയാണ് ചെലവഴിച്ചതെന്നും അതിന്റെ കാരണവും ഞാൻ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. റവന്യൂ പിരിവിലെ കുറവുകളിലേക്ക് നയിച്ച ദുഷ്കരമായ സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ചും ഞാൻ വിശദീകരിച്ചു. സംസ്ഥാനത്തിന്റെ ഭാവി ഭാസുരമാക്കുന്ന ശുഭസൂചകമായ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയതായി നിങ്ങളെ അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. അതുകൊണ്ടു തന്നെയാണ് പുതുക്കിയ എസ്റ്റിമേറ്റിൽ കഴിഞ്ഞ വർഷത്തേതിനേക്കാൾ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. ഈ വർഷം കടത്തിന്റെ വർദ്ധനയുടെ തോത് നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു മാത്രമല്ല, ഈ വളർച്ചാതോത് വീണ്ടും കുറച്ചുകൊണ്ടു ഏകദേശം 14 ശതമാനത്തിൽ എത്തിക്കുവാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഈ ഉത്തമ വിശ്വാസത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് അടുത്ത സാമ്പത്തികവർഷത്തേക്കുള്ള ഈ

ഇടക്കാല ബഡ്ജറ്റും ആദ്യ നാലുമാസത്തെ വോട്ട് ഓൺ അക്കൗണ്ടും അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ഒരു ഇടക്കാല ബഡ്ജറ്റ് എന്ന നിലയ്ക്ക് എല്ലാ മേഖലകളിലുമുള്ള ചെലവിനങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല.. മാത്രവുമല്ല, യാതൊരുവിധ നികുതി നിർദ്ദേശങ്ങളും ഈ ഇടക്കാല ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗവൺമെന്റിന്റെ സവിശേഷ ശ്രദ്ധ പതിഞ്ഞിട്ടുള്ള ചില സുപ്രധാന മേഖലകളെക്കുറിച്ച് – പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ പുരോഗതിക്കും സമൃദ്ധിക്കും ഉതകുന്ന മേഖലകളെ – മാത്രം ഞാൻ ചുരുക്കമായി പ്രതിപാദിക്കാം.

**ഊർജ്ജം**

26. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് വൈദ്യുതി രംഗത്ത് സംസ്ഥാനം അഭൂതപൂർവ്വമായ പുരോഗതിയും എടുത്തു പറയത്തക്ക നേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ നിരന്തരമായ പരിശ്രമ ഫലമായി 1996 വരെ നിലനിന്ന പവർകട്ടിൽ നിന്നും ലോഡ് ഷെഡ്ഡിംഗ്, കടുത്ത വൈദ്യുതി ക്ഷാമം എന്നിവയുടെ പിടിയിൽ നിന്നും സംസ്ഥാനം മോചിതമായിരിക്കുന്നു. ഇപ്പോൾ പവർ കട്ടും ലോഡ് ഷെഡ്ഡിംഗും പൂർണ്ണമായി പിൻവലിച്ചു. ഈ വർഷം കാസർഗോഡ് പവർ കോർപ്പറേഷനും ബി.എസ്.ഇ.എസ് നാലാം ഘട്ടവും പൂർത്തിയാകുന്നതോടു കൂടി ഉല്പാദനശേഷി 1062.60 മെഗാവാട്ട് വൈദ്യുതി കൂട്ടി ചേർത്തുകൊണ്ട് സംസ്ഥാനത്തിന്റെ മൊത്തം സ്ഥാപിത ശേഷി 2568.1 മെഗാവാട്ടായി ഉയരുന്നതാണ്. സംസ്ഥാനം ജലവൈദ്യുതി ഉല്പാദനത്തിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഇതിനനുസൃതമായി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുവാൻ കഴിയുന്ന ജല വൈദ്യുത പദ്ധതികൾ പൂർത്തിയാക്കുന്നതിനാവശ്യമായ പര്യവേക്ഷണങ്ങൾക്ക് തുടക്കമിട്ടു കഴിഞ്ഞു.

27. പ്രസരണരംഗത്തും വൈദ്യുതി ബോർഡ് വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. 33 കെ.വി. സബ്ട്രാൻസ്മിഷൻ സ്കീം നടപ്പാക്കുക വഴി സുപ്രധാനമായ നേട്ടമാണ് ഈ രംഗത്ത് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് അഞ്ച് 220 കെ.വി. സബ് സ്റ്റേഷനുകളും ഇരുപത്തിയാറ് 110 കെ.വി.സബ് സ്റ്റേഷനുകളും മൂന്ന് 66 കെ.വി.സബ് സ്റ്റേഷനുകളും ഒരു 33 കെ.വി.സബ്സ്റ്റേഷനും സംസ്ഥാനത്ത് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ബോർഡ് 220 കെ.വി. ലൈനുകളുടെ 1337 സർക്യൂട്ട് കിലോമീറ്ററും 110 കെ.വി.ലൈനുകളുടെ 700 സർക്യൂട്ട് കിലോമീറ്ററും 66 കെ.വി. ലൈനുകളുടെ 26 സർക്യൂട്ട് കിലോമീറ്ററും നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. രണ്ട് 220 കെ.വി.സബ് സ്റ്റേഷനുകളും നാല്പത്തിരണ്ട് 110 കെ.വി.സബ്

സ്റ്റേഷനുകളും പതിമൂന്ന് 66 കെ.വി.സബ് സ്റ്റേഷനുകളും അമ്പത്തിയാറ് 33 കെ.വി. സബ്സ്റ്റേഷനുകളും 70-80 കിലോമീറ്റർ 220 കെ.വി. ലൈനുകളും 393 കിലോമീറ്റർ 110 കെ.വി ലൈനുകളും എൺപത്തിമൂന്ന് കിലോമീറ്റർ 66 കെ.വി. ലൈനുകളും 438കിലോമീറ്റർ 33 കെ.വി. ലൈനുകളും പണി നടന്നു വരികയാണ്.

28. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് 6122 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചതു കൂടാതെ 15.62 ലക്ഷം സർവ്വീസ് കണക്ഷനുകളും 1.41 ലക്ഷം സ്ട്രീറ്റ് ലൈറ്റുകളും നൽകിക്കൊണ്ട് ബോർഡ് വിതരണ രംഗത്തും വമ്പിച്ച മുന്നേറ്റമാണ് നടത്തിയത്. കൂടാതെ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ "കുടിർ ജ്യോതി" പദ്ധതിയിലൂടെ ഒരു ലക്ഷം കണക്ഷനുകൾ ബോർഡ് നൽകി. പ്രത്യേക ഘടക പദ്ധതി പ്രകാരം 34.4 കോടി രൂപ ചെലവിൽ 986 പട്ടിക ജാതി കോളനികളും പട്ടിക വർഗ പദ്ധതി പ്രകാരം 5.7 കോടി രൂപ ചെലവിൽ 130 പട്ടിക വർഗ്ഗ കോളനികളും വൈദ്യുതീകരിക്കാൻ സർക്കാർ മുൻകൈ എടുത്തിട്ടുണ്ട്. അടുത്ത വർഷം നാല് ലക്ഷം സർവ്വീസ് കണക്ഷനുകളും 1525 കിലോ മീറ്റർ 11 കെ.വി.ലൈനുകളും 8100 കിലോമീറ്റർ ലോ ടെൻഷൻ ലൈനുകളും 1835 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വൈദ്യുതി അപകടങ്ങളിൽ പെടുന്നവരെ സഹായിക്കാൻ 'വൈദ്യുതി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി - 2000', 'പെറ്റി കോൺട്രാക്ടേഴ്സ് ആന്റ് വർക്ക്മെൻ ഇൻഷ്വറൻസ് പദ്ധതി' എന്നീ രണ്ടു പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 611 കോടി രൂപ ഉൾപ്പെടുത്തിക്കൊണ്ട് മൊത്തം പദ്ധതിയുടെ 15.97 ശതമാനം സർക്കാർ വൈദ്യുതി മേഖലയ്ക്കായി നീക്കി വച്ചിട്ടുണ്ട് ഇതിൽ 233 കോടി രൂപ പ്രസരണ രംഗത്തും 130 കോടി രൂപ വിതരണരംഗത്തും ചെലവഴിക്കാനുള്ളതാണ്

### വിവര സാങ്കേതിക വിദ്യ

29. സംസ്ഥാനത്തെ സാമ്പത്തിക വികസനത്തിന്റെ ശക്തമായ ഉപകരണമായി വിവര സാങ്കേതിക വിദ്യ ഉയർന്നു കഴിഞ്ഞിട്ടുണ്ട്. ഈ മേഖല ഒരുക്കുന്ന അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്ന തിനായി മൂന്നു വർഷം മുമ്പ് വിവര സാങ്കേതിക വ്യവസായത്തിന്റെ പ്രോത്സാഹനാർത്ഥം സമഗ്രമായ ഒരു ഐ.ടി നയത്തിനു രൂപം നൽകുകയുണ്ടായി. ഐ.ടിയിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ ഐ.ഐ.ഐ.ടി.എം-കെ ( Indian Institute of Information Technology and Management-Kerala), തിരുവനന്തപുരത്തെയും കൊച്ചിയിലെയും ഐ.ടി.

അടിസ്ഥാന സൗകര്യ വികസനം, സംസ്ഥാന അടിസ്ഥാനത്തിൽ ബ്രോഡ് ബാൻഡ് നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള പണി തുടങ്ങിവയ്ക്കൽ, ജനസേവന കേന്ദ്രം പോലുള്ള മാതൃകാ ഇലക്ട്രോണിക് സേവന പദ്ധതികളുടെ വിജയകരമായ നടത്തിപ്പ് എന്നിവ കഴിഞ്ഞ വർഷത്തെ മുഖ്യമായ സംരംഭങ്ങളാണ്. ഈ മേഖലയിൽ നമ്മൾ നടത്തിയ നടപടികൾക്ക് കാര്യമായ ഫലം ലഭിച്ചു തുടങ്ങിയെന്ന് കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇനിയുള്ള മാസങ്ങളിൽ ഈ രംഗത്ത് സംസ്ഥാനം വമ്പിച്ച വളർച്ച കൈവരിക്കാൻ പോവുകയാണ്. കഴിഞ്ഞ വർഷത്തോടെ സോഫ്റ്റ്‌വെയർ കമ്പനികളുടെ ദക്ഷിണേന്ത്യയിലെ പ്രധാന കേന്ദ്രമായി തിരുവനന്തപുരം മാറിക്കഴിഞ്ഞിട്ടുണ്ട്. പാർക്കിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി അടുത്ത വർഷത്തേയ്ക്ക് അഞ്ചു കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഐ.ടി. വികസനത്തിന് അത്യന്താധുനിക വാർത്താ വിനിമയവും അടിസ്ഥാന സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്ന അന്തർദ്ദേശീയ നിലവാരമുള്ള ഒരു "ടെക്നോളജി ഹാബിറ്റാറ്റ്" കൊച്ചിക്കടുത്ത് ആരംഭിക്കുന്നതാണ്. കേരള പ്രസ്സ് അക്കാദമി അവരുടെ ശേഖരത്തിലെ വിലപിടിപ്പുള്ള രേഖകളും ഗ്രന്ഥങ്ങളും കമ്പ്യൂട്ടറൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള സഹായമായി 15 ലക്ഷം രൂപ അനുവദിക്കുന്നതാണ്.

30. സംസ്ഥാനത്ത് ആധുനിക ടെലികോം അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾക്ക് പ്രോത്സാഹജനകമായ പ്രതികരണമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്ത് സമഗ്രമായ ഒപ്റ്റിക് ഫൈബർ നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനായി അടുത്ത മൂന്നുനാലു വർഷം കൊണ്ട് സ്വകാര്യ മേഖലയിൽ നിന്ന് ഏകദേശം 2400 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. ഒരു കോടി രൂപ ചെലവിൽ പുതിയ ഹൈടെക് ഐ.ടി വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുന്നു. ഈ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായി അടുത്ത വർഷത്തേയ്ക്ക് 50 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളുമായി മത്സരാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ പര്യാപ്തമായ ഒരു വികസന തന്ത്രം ആവിഷ്ക്കരിച്ചു നടപ്പാക്കാൻ രണ്ടര കോടി രൂപ വരും വർഷത്തേയ്ക്ക് പ്രത്യേകമായി നീക്കിവച്ചിട്ടുണ്ട്.

31. വിവിധ സേവനങ്ങൾ ഒരേ കേന്ദ്രത്തിൽ ലഭ്യമാക്കാൻ തിരുവനന്തപുരത്ത് ആരംഭിച്ച ജനസേവന കേന്ദ്രത്തിന്റെ മാതൃകയിൽ സംയോജിത സേവനകേന്ദ്രം അല്ലെങ്കിൽ ജനസേവന കേന്ദ്രം സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു

കൊണ്ടിരിക്കുന്നു. രജിസ്ട്രേഷൻ വകുപ്പിലെ അൻപത് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ശേഷിച്ച ഓഫീസുകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷം ഐ.ഐ.ഐ.റ്റി.എം.കെ. പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാവുമെന്ന് പ്രതീക്ഷിക്കുന്നു. ഭാവിയിൽ വിദൂര - വെബ്ബ് അധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള ഒരു പ്രധാന കേന്ദ്രമായി ഇത് ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ വികസനത്തിനായി ബഡ്ജറ്റിൽ അഞ്ചുകോടി രൂപ മാറ്റിവച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമീണ ലൈബ്രറികളെ 'സാമൂഹ്യ വിവര വ്യാപനകേന്ദ്രങ്ങ'ളാക്കി മാറ്റുന്ന പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ട്രഷറികളുടെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തീകരിക്കുന്നതിനായി 5 കോടി രൂപയും പബ്ലിക് ഓഫീസുകൾ, വികാസ് ഭവൻ, സെക്രട്ടേറിയറ്റ് അനക്സ്, സെക്രട്ടേറിയറ്റ് എന്നിവയെ ബന്ധിപ്പിക്കുന്ന "വൈഡ് ഏരിയ നെറ്റ് വർക്കി"നു വേണ്ടി 2.5 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. സെയിൽസ് ടാക്സ് ചെക്കു പോസ്റ്റുകളുടെയും ഓഫീസുകളുടേയും കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കുന്നതിന് ഞാൻ 3.08 കോടി രൂപ വക കൊള്ളിക്കുന്നു.

32. പാവങ്ങളുടേയും അടിസ്ഥാന വിഭാഗങ്ങളുടേയും ക്ഷേമത്തിലൂന്നിയുള്ള മാനുഷികപരിഗണനയാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. അതുകൊണ്ടുതന്നെയാണ് കുടിശ്ശികയാക്കിയിരുന്ന ആറു വർഷക്കാലത്തെ കയർതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം, കർഷകതൊഴിലാളി പെൻഷൻ തുടങ്ങി മുൻ ഗവൺമെന്റ് ബാക്കി വച്ചു പോയ 100 കോടി രൂപയോളം വരുന്ന പെൻഷൻ തുകകൾ ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ കുടിശ്ശിക തീർത്തു കൊടുക്കുവാൻ തയ്യാറായത്. പുതിയ മദ്യനയത്തിന്റെ ഭാഗമായി 1996ൽ കൊണ്ടുവന്ന ചാരായനിരോധനം ആയിരക്കണക്കിന് തൊഴിലാളികളെ നിരാലംബരാക്കി. വിരോധാഭാസമെന്നു പറയട്ടെ, ഈ മേഖലയിൽ നിന്ന് ഗവൺമെന്റിന് ലഭിക്കേണ്ടുന്ന വരുമാനം പിരിച്ചെടുത്ത ശേഷമാണ് ചാരായ നിരോധനം കൊണ്ടുവന്നത്. സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും തൊഴിൽ നഷ്ടപ്പെട്ടവർക്ക് 40 കോടി രൂപയുടെ ആനുകൂല്യങ്ങൾ ഈ വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകുവാൻ ഗവൺമെന്റിനു കഴിഞ്ഞു. തദ്ദേശ സ്ഥാപനങ്ങൾ നീക്കിവച്ചതുൾപ്പെടെ ദരിദ്ര വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനുവേണ്ടി വകയിരുത്തിയിട്ടുള്ള മൊത്തം വിഹിതം 300 ശതമാനം വർദ്ധിച്ച് 500 കോടി രൂപയായിട്ടുണ്ട്.

33. ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ച് ഗുണഭോക്താക്കളുടെ പ്രശംസ സമ്പാദിച്ച ശേഷം അത് നടപ്പിലാക്കാതിരിക്കുക ഒരു സർക്കാരിന്

വളരെ എളുപ്പമാണ്. എന്നാൽ ദരിദ്രരും അടിച്ചമർത്തപ്പെട്ടവരുമായ ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരിനു മാത്രമേ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ആനുകൂല്യങ്ങൾ നല്കുവാൻ കഴിയുകയുള്ളു. പാവങ്ങളുടേയും അർഹരായ അടിസ്ഥാന വിഭാഗങ്ങളുടേയും ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ചെലവിടുന്നതിന് സാമ്പത്തിക പ്രയാസങ്ങൾ ഒരു തടസ്സമായി നില്ക്കാൻ ഈ ഗവൺമെന്റ് അനുവദിച്ചിട്ടില്ലെന്നു മാത്രമല്ല ഇത്തരം പദ്ധതികൾക്ക് വർഷാവർഷം അടങ്കൽ വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. 37.2 കോടി രൂപ കർഷകത്തൊഴിലാളി പെൻഷനുവേണ്ടിയും 19.78 കോടി രൂപ അഗതി പെൻഷനുവേണ്ടിയും ഞാൻ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. തൊഴിലില്ലായ്മാ വേതനം നൽകുന്നതിനായി 70 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതാണ്.

34., ഈ സർക്കാർ ഊന്നൽ നൽകിയ മറ്റൊരു പ്രധാന മേഖല പാവങ്ങളുടെ പാർപ്പിട നിർമ്മാണമാണ്. മൈത്രി ഭവന പദ്ധതിയിൻ കീഴിൽ ഏകദേശം 200 കോടി രൂപയുടെ പാർപ്പിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ ഭവന പദ്ധതിയ്ക്കായി ഈ വർഷവും 35 കോടി രൂപ ഞാൻ വകകൊള്ളിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ ജില്ലാപഞ്ചായത്തുകളും സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുകയോ അതിനുവേണ്ട പദ്ധതി ആവിഷ്കരിക്കുകയോ ചെയ്തിട്ടുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജനത്തിനു വേണ്ടി ആവിഷ്കരിക്കപ്പെട്ട 'കുടുംബ ശ്രീ പദ്ധതി ഒരു വിജയകരമായ സംരംഭമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ള വനിതകളുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള മാതൃകാ പദ്ധതിയായും ഇത് ദേശീയ സാർവദേശീയ പ്രശംസ നേടിയിരിക്കുന്നു. വാർഷിക പദ്ധതിയിൽ 15 കോടി രൂപ ഞാൻ ഇതിനായി നീക്കി വച്ചിട്ടുണ്ട്. ഇതുകൂടാതെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളായ 'സ്വർണ്ണജയന്തി ഗ്രാമസ്വരാജ് ഘർ യോജന', 'ഇന്ദിരാ ആവാസ് യോജന', 'പ്രധാൻമന്ത്രി ഗ്രാമോദയ് യോജന', ദേശീയ ചേരിവികസന പദ്ധതി, 'സുവർണ്ണ ജയന്തി ഷ്ഹാരി റോസ്ഗാർ യോജന', കൊച്ചി നഗരദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി, 'ബാലികാസമൃദ്ധി യോജന' എന്നീ പദ്ധതികളും പ്രാധാന്യത്തോടുകൂടി നടപ്പിലാക്കുന്നതാണ്. സംസ്ഥാന വിഹിതം ഉൾപ്പെടെ 600 കോടി രൂപ ഇത്തരം പദ്ധതികൾ വഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നേരിട്ട് ചെലവഴിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**പിന്നോക്ക വിഭാഗ ക്ഷേമം**

35. ചെലവിനങ്ങളിൽ കാര്യമായ വർദ്ധനയുണ്ടായ മറ്റൊരു പ്രധാന മേഖലയാണ് പിന്നോക്ക വിഭാഗ ക്ഷേമപദ്ധതികൾ. 1995-96-ൽ പട്ടിക ജാതി ക്ഷേമ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഘടക പദ്ധതി വഴി 183 കോടിരൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് 1999-2000 ൽ അത് 315 കോടി രൂപയായി ഉയർന്നിട്ടുണ്ട്. അതുപോലെ തന്നെ പട്ടികവർഗ്ഗ ക്ഷേമത്തിന്റെ അടങ്കൽ 95-96 ൽ 30 കോടി രൂപയായിരുന്നത് 99-2000 ൽ 63 കോടി രൂപയായി ഉയർന്നു. ഈ വർഷം പ്രത്യേക ഘടക പദ്ധതിയ്ക്ക് 87 കോടി രൂപയും പട്ടിക വർഗ്ഗ ഉപ പദ്ധതിയ്ക്ക് 3.83 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ പ്രത്യേക ഘടക പദ്ധതിയിൻ കീഴിൽ 11 കോടി രൂപയും പട്ടിക വർഗ്ഗ ഉപ പദ്ധതിയിൻ കീഴിൽ 7.43 കോടി രൂപയും മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്കായി മാറ്റിവച്ചിരിക്കുന്നു. രണ്ടര കോടി രൂപ ചെലവാക്കി 'സെന്റേഴ്സ് ഓഫ് എക്സലൻസ്' സ്ഥാപിക്കുന്നതിനു പുറമേയാണിത്. പട്ടികജാതി പട്ടിക വർഗ്ഗങ്ങൾക്കു വേണ്ടിയുള്ള സമ്പൂർണ്ണ ഭവന പദ്ധതി പൂർത്തീകരിക്കുന്നതിന് 20 കോടി രൂപ ഞാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**വിനോദ സഞ്ചാരം**

36. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കുതകുന്ന ഒരു പുതിയ മേഖലയായി വിനോദ സഞ്ചാരം വളർന്നിട്ടുണ്ടെന്ന് നിസ്സംശയം പറയാം. കഴിഞ്ഞ നാലുവർഷത്തിനകം കേരളത്തിലെ വിനോദ സഞ്ചാര മേഖല ഗണനീയമായ വളർച്ച കൈവരിച്ചിട്ടുണ്ട്. കേരളത്തിലെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 1994-2000 കാലഘട്ടത്തിൽ 100 ശതമാനം വളർച്ച കൈവരിച്ച് 1,04,568 ൽ നിന്ന് 2 ലക്ഷമായി ഉയർന്നിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 12.84 ലക്ഷത്തിൽ നിന്നും 400 ശതമാനം ഉയർന്ന് 50 ലക്ഷത്തിൽ എത്തിയിരിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഇന്ത്യയിലെ അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി കേരളം മാറിയിട്ടുണ്ട്. 1998-99ലും 1999-2000ലും വിനോദ സഞ്ചാരമേഖലയിൽ ദേശീയ അവാർഡ് നമ്മുടെ സംസ്ഥാനത്തിനാണ് ലഭിച്ചത്. ഈ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പ്രേരണയും സൗകര്യങ്ങളും നൽകുന്ന ഏജൻസിയായി സർക്കാർ പ്രവർത്തിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും സർക്കാർ കാര്യമായി ശ്രമിച്ചു വരികയാണ്. 1994-95 ലെ സംസ്ഥാന പദ്ധതി വിഹിതം 6.7 കോടി ആയിരുന്നത് ഈ വർഷം ഞാൻ 47 കോടി

രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ആറു വർഷത്തെ അപേക്ഷിച്ച് ഇത് 600 ശതമാനത്തിന്റെ വർദ്ധനയാണ്.

37. അടുത്തവർഷം സംസ്ഥാനത്ത് വിനോദ സഞ്ചാരികളുടെ വരവിൽ കാര്യമായ വർദ്ധനവ് വരുത്താൻ ഉതകുന്നവിധം ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും ഉന്നത നിലവാരം പുലർത്തുന്ന വിപണന ശ്രമങ്ങൾക്കും ഊന്നൽ കൊടുക്കുന്നതാണ്. ജലാശയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 154.68 കോടി രൂപയുടെ ഒരു മെഗാപ്രോജക്റ്റ് കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഇപ്പോൾ ഉപയോഗിക്കപ്പെടാത്ത ജലമാർഗ്ഗങ്ങൾ ഗതാഗത യോഗ്യമാക്കുന്നതിനുമായി ഞാൻ 3 കോടി രൂപ വകയിരുത്തുന്നു.

38. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി വേളി ടൂറിസം വില്ലേജ് ഒരു അന്തർദേശീയ വിനോദ സഞ്ചാര കേന്ദ്രമായി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി 11 ഏക്കർ സ്ഥലം കൂടി ഏറ്റെടുക്കുന്നതിനായി ഒരു കോടി രൂപ ഞാൻ നീക്കിവയ്ക്കുന്നു. ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന 'ഡസ്റ്റിനേഷൻ കേരള പ്രോഗ്രാമി'നായി 6 കോടി രൂപ ഞാൻ വക കൊള്ളിച്ചിട്ടുണ്ട്. ചേരമാൻ പറമ്പ്, പള്ളിപ്പുറം കോട്ട, കോട്ടപ്പുറം കോട്ട, ചേന്ദമംഗലം ജൂത പള്ളി എന്നീ പുരാതന സ്മാരകങ്ങളുടെ പുനരുദ്ധാരണത്തിന് 50 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സബ്സിഡികളും ഇൻസെന്റീവുകളും നല്കുന്നതാണ്. ഇതിനുവേണ്ടി 3 കോടി രൂപ വകയിരുത്തുന്നു. മുംബെയിലെ കേരള ഭവൻ, എറണാകുളത്തെ അഡീഷണൽ ഗസ്റ്റ് ഹൗസ്, പാലക്കാട്, വൈത്തിരി എന്നിവിടങ്ങളിൽ പുതിയ ഗസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണത്തിനായി 7.39 കോടി രൂപ മാറ്റിവയ്ക്കുന്നു. ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡിന് സംയുക്ത സംരംഭങ്ങളിലേയും ലാന്റ് ബാങ്ക് പ്രോജക്ടുകളിലേയും മുതൽമുടക്കിനായി 4 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ബേക്കൽ ഒരു അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശ്രമം തുടർന്നും നടത്തുന്നതാണ്. ഇതിനായി ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷന് ഒരു കോടി രൂപ നല്കുന്നതാണ്. ടൂറിസം വകുപ്പിന്റെ പരസ്യപ്രചരണ പ്രവർത്തനങ്ങൾക്കായി 7.25 കോടി രൂപ നീക്കി വയ്ക്കുന്നു. തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ നാലു കോടി

ചെലവു വരുന്ന രണ്ടാംഘട്ടം അടുത്തവർഷം പൂർത്തിയാക്കുന്നതാണ്. വടക്കൻ കേരളത്തിൽ കണ്ണൂരിനെ ഒരു പ്രധാന ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശ്രമം തുടരുന്നതാണ്. 55 ലക്ഷം രൂപ ഇതിനായി നീക്കി വച്ചിട്ടുണ്ട്.

## വ്യവസായം

39. നമ്മുടെ വ്യവസായ നയം അതിന്റെ ഊർജ്ജസ്വലതയുടേയും സംസ്ഥാനത്തെ വ്യവസായ പുരോഗതിക്ക് അത് നല്കിയിട്ടുള്ള മാനുഷിക ഭാവത്തിന്റേയും പേരിൽ പരക്കെ പ്രകീർത്തിക്കപ്പെട്ടിട്ടുള്ളതാണ്. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന്നുള്ള ലൈസൻസുകളും സർട്ടിഫിക്കറ്റുകളും ഉടൻ നൽകുന്നതിനുള്ള ഏക ജാലക സംവിധാനം 1.6.2000 മുതൽ സംസ്ഥാനത്ത് നടപ്പാക്കി. 347.35 കോടി രൂപ മുതൽമുടക്കുള്ളതും 57,348 പേർക്ക് തൊഴിൽ നല്കുന്നതുമായ 15,211 ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ വർഷം സംസ്ഥാനത്ത് ആരംഭിച്ചുവെന്ന് ഈ സഭയെ അറിയിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. 89,000 ആളുകൾക്ക് തൊഴിൽ നൽകുന്ന 500 കോടി രൂപ മുതൽമുടക്കുള്ള 21,000 പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ അടുത്തവർഷം ആരംഭിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. തവനൂർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ അരിയിൽനിന്നും പുതിയ ഉല്പന്നങ്ങളും അതിന്റെ ഉപോല്പന്നങ്ങളും വികസിപ്പിക്കുന്നതിനും പാപ്പനംകോട് റീജിയണൽ റിസർച്ച് ലബോറട്ടറിയിൽ ഓട് വ്യവസായം ആധുനിക വല്കരിക്കുന്നതിനും വൈവിധ്യവല്ക്കരിക്കുന്നതിനുമുള്ള ഒരു റിസോഴ്സ് മാപ്പിംഗ് പദ്ധതി നടപ്പാക്കുന്നതിനുമായി 25 ലക്ഷം രൂപ വകയിരുത്തുന്നു. വികസന പ്ലോട്ടുകളും വികസന മേഖലകളും സ്ഥാപിക്കുന്നതിനും അടിസ്ഥാന വ്യവസായ സൗകര്യങ്ങൾ ഒരുക്കുന്നതിനും രണ്ടുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലും റബ്ബർ പ്ലാസ്റ്റിക് വ്യവസായങ്ങൾക്കുള്ള 'കോമൺ ഫെസിലിറ്റി സെന്ററുകൾ' വികസിപ്പിക്കുന്നതിനായി 40 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. നമ്മുടെ വ്യവസായത്തിൽ ലോകവ്യാപാര സംഘടനയുടെ കടന്നു കയറ്റം മൂലം ഉണ്ടായിട്ടുള്ള ദോഷ ഫലങ്ങളെപ്പറ്റി പഠിക്കാനായി ഒരു പുതിയ പദ്ധതി- 'ആന്റി ഡംപിംഗ് ഫെസിലിറ്റി സെന്റർ' സ്ഥാപിക്കുന്നതാണ്. ഇതിനായി 1.25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

40. ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും കൈത്തറി - യന്ത്രത്തറി മേഖലയ്ക്കായി കൂടുതൽ ഫണ്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മേഖലയ്ക്കായി 21. 71 കോടി രൂപ ഞാൻ പ്രത്യേകം നീക്കി വച്ചിട്ടുണ്ട്. നിലവിലുള്ള

പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾക്കു പുറമെ വൃദ്ധരായ നെയ്ത്തു തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി വൃദ്ധ സദനങ്ങൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ വർഷം കൈത്തറി തുണി നെയ്ത്തിലും വസ്ത്രങ്ങളുടെ ഡിസൈനിംഗിലും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗത്തിനും നിലവിലുള്ള സാങ്കേതിക വിദ്യയുടെ മെച്ചപ്പെടുത്തലിനും ഊന്നൽ കൊടുക്കുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കൈത്തറി മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിന് 5.56 കോടി രൂപ ഞാൻ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

41. കിൻഫ്ര അതിന്റെ പ്രധാന ഏഴ് പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഫിലിം ആന്റ് വീഡിയോ പാർക്ക്, കേരള ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക് പാർക്ക് എന്നീ രണ്ടു പദ്ധതികളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. എറണാകുളത്തും തിരുവനന്തപുരത്തുമുള്ള ബയോ ടെക്നോളജി പാർക്കുകൾ, എറണാകുളത്തെ കിൻഫ്ര, ഐ.ടി.പി.ഒ കൺവെൻഷൻ സെന്റർ, കൊച്ചിയിലെ ഹൈടെക് പാർക്ക്, കൊരട്ടിയിലെയും പത്തനംതിട്ടയിലെയും ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് സെന്ററുകൾ എന്നിവ ഇവരുടെ പുതിയ സംരംഭങ്ങളാണ്. ഭാവിയിൽ സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കാര്യമായ സംഭാവനകൾ നൽകുവാൻ ഇവയ്ക്ക് കഴിയും. കിൻഫ്രയുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 21 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിടങ്ങൂരിൽ കിൻഫ്രായുടെ ആഭിമുഖ്യത്തിൽ ഒരു ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതാണ്. ഇതിനായി 10 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

42. സംസ്ഥാനത്ത് വ്യവസായ വികസന കോർപ്പറേഷൻ പല പ്രധാന സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തെ വ്യവസായ വളർച്ചയിൽ ദൂരവ്യാപകമായ ഫലം ഉളവാക്കുവാൻ ഉതകുന്നതാണ്. 30 കോടി രൂപ ഈ ബഡ്ജറ്റിൽ കെ. എസ്. ഐ. ഡി. സിക്ക് വേണ്ടി നീക്കി വയ്ക്കുന്നു. ചില വ്യവസായ സംരംഭങ്ങൾ ഇനിപ്പറയുന്നു.

i ഉല്പാദനരംഗത്ത് മുതൽ മുടക്കിനെ പരിപോഷിപ്പിക്കുന്ന, പ്രവാസി മലയാളികളും കേരള സർക്കാരും ഷാർജ ഗവൺമെന്റും ചേർന്ന് സ്ഥാപിക്കുന്ന കേരള - ഷാർജ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനി.

ii ബ്രിട്ടനിലെ അഡ്മിനിക്സുമായി ചേർന്ന് കാസർഗോഡ് സ്ഥാപിക്കുന്ന 100 കോടി രൂപയുടെ സിറാമിക്സ് സാനിട്ടറി വെയർ പ്രോജക്ട്.

iii കായംകുളം, കൊച്ചി, കാസർഗോഡ്, മംഗലാപുരം എന്നീ പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ 1500 കോടി രൂപയുടെ ഗ്യാസ്പൈപ്പ് ലൈൻ പ്രോജക്ട്.

iv കാസർഗോഡ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 80 മെഗാവാട്ട് പവർ ഉള്ള 350 കോടി രൂപയുടെ ഡിസി പവ്വർ പ്രോജക്ട്.

v പെട്രോനെറ്റ്-സിസികെ ലിമിറ്റഡിന്റെ 535 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന കൊച്ചി-കരൂർ പെട്രോളിയം പൈപ്പ് ലൈൻ.

vi പെട്രോനെറ്റ് - എൽഎൻജി 1500 കോടി രൂപയ്ക്കുള്ള എറണാകുളത്തെ എൽഎൻജി ടെർമിനൽ നിർമ്മാണ പദ്ധതി.

43 സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ കശുവണ്ടി വികസന കോർപ്പറേഷൻ ഒരു അഞ്ചുവർഷ ആധുനികവൽക്കരണ പരിപാടി നടപ്പാക്കി വരികയാണ് ഈ പരിപാടി പൂർത്തീകരിക്കുന്നതിനായി 5 കോടി രൂപ ഞാൻ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

44 ഈ വർഷം വ്യവസായത്തിന് പദ്ധതി ഇനത്തിൽ 276.88 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനർനിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി നീക്കിവച്ചിട്ടുള്ള 65 കോടി രൂപയും ഉൾപ്പെടും. ചെറുകിട വ്യവസായങ്ങൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുവാനായി 25.5 കോടി രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## കൃഷി

45. പ്രതിസന്ധിയിൽപ്പെട്ട് നട്ടം തിരിയുന്ന കേരളത്തിലെ ഒരു കോടിയോളം വരുന്ന കർഷകർക്ക് ഈ സർക്കാരിന്റെ കാർഷികനയം ആശാകേന്ദ്രവും അഭയസ്ഥാനവുമാണ്. ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും പേരിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന തലതിരിഞ്ഞ നയങ്ങളുടെ ഫലമായി കാർഷികരംഗത്ത് നാം സ്വീകരിച്ചിട്ടുള്ള സുചിന്തിതമായ എല്ലാ നടപടികളും സ്തംഭനാവസ്ഥയിലാവുകയാണ് അടുത്ത വർഷത്തെ പദ്ധതി വിഹിതമായി 167.20 കോടിരൂപ ഞാൻ കാർഷിക മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഹിതമുൾപ്പെടെ മൊത്തം 500 കോടിയോളം രൂപ കാർഷിക രംഗത്ത് ചെലവഴിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പുതുതായി രൂപം കൊടുത്ത പാഡി ബോർഡിന്റെ പ്രവർത്തനം വഴി കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മൾ കൈവരിച്ച നെല്ലുല്പാദന മേഖലയിലെ എടുത്തുപറയാവുന്ന നേട്ടങ്ങൾ നിലനിറുത്തുവാൻ നമുക്ക് കഴിയും. നെൽകൃഷിക്കായി 33.62 കോടി

രൂപ ഞാൻ മാറ്റിവയ്ക്കുന്നു. തെങ്ങുകളിൽ കണ്ടുവരുന്ന മാരകമായ മണ്ഡരി രോഗബാധയെ നേരിടുവാൻ കഴിഞ്ഞു. മൊത്തം 28.77 കോടി രൂപ ചെലവഴിച്ചുകൊണ്ട് 2.77 കോടി തെങ്ങുകൾക്ക് ചികിത്സ നടത്തിയിട്ടുണ്ട്. ഈ രോഗ പ്രതിരോധ നടപടികളുടെ രണ്ടും മൂന്നും ഘട്ടങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്. തെങ്ങുകൃഷിക്കായി 21.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ രംഗത്ത് നടത്തുന്ന ചെലവുകൾ ഇതിനുപുറമെയാണ്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി 80,000 മെട്രിക് ടൺ കൊപ്ര സംഭരിച്ചിട്ടും വെളിച്ചെണ്ണവില താഴ്ന്നുകൊണ്ടിരിക്കുകയാണ്. കുരുമുളകിന്റെ ടെക്നോളജി മിഷൻ പദ്ധതിയ്ക്കും കശുവണ്ടി വികസന പദ്ധതിയ്ക്കും യഥാക്രമം 3 കോടിയും 2.25 കോടിയും ഈ വർഷം ഉൾക്കൊള്ളിച്ചിട്ടുണ്ട്. നാഷണൽ വാട്ടർഷെഡ് പ്രോഗ്രാമിന്റെ കീഴിൽ സംസ്ഥാനത്ത് 28 വാട്ടർ ഷെഡുകളിലേയ്ക്കായി 13.08 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്.

46. സംസ്ഥാനത്തെ റബ്ബർ കർഷകരെ സഹായിക്കുന്ന നടപടികൾ നമ്മൾ തുടരുന്നതാണ്. റബ്ബർ പ്ലാന്റേഷന്റേയും റബ്ബറിന്റേയും നികുതി നിരക്കുകൾ കുറച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ലാറ്റക്സിന്റെ ഭൂരിഭാഗവും കയറ്റി അയക്കുമെന്ന് ഉറപ്പാക്കുന്നതിനു പുറമെ ക്രമ്പ് റബ്ബറിന്റേയും റബ്ബർ ഷീറ്റുകളുടേയും കയറ്റുമതിയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. താല്ക്കാലിക നടപടിയായി കഴിഞ്ഞ വർഷം കാപ്പിയുടേയും കശുവണ്ടിയുടേയും തേയിലയുടേയും നികുതി എട്ട് ശതമാനത്തിൽ നിന്നും നാലു ശതമാനമായി കുറവു ചെയ്തു. അഞ്ചു ഹെക്ടർ വരെയുള്ള എല്ലാ കർഷകരേയും കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കി. റബ്ബർ, കാപ്പി കർഷകരുടെ കാർഷികാദായ നികുതി 20 ഹെക്ടർ വരെ പൂർണ്ണമായും ഒഴിവാക്കി. രണ്ടു ഹെക്ടർ വരെയുള്ള എല്ലാ കൃഷിക്കാർക്കും വൈദ്യുതി സൗജന്യമാക്കി. ഈ മേഖല നേരിടുന്ന ഗുരുതരമായ ബുദ്ധിമുട്ടുകൾ പരിഗണിച്ച് അടുത്ത ഒരു വർഷത്തേയ്ക്കു കൂടി ഈ നികുതി ഇളവുകൾ തുടരാൻ ഞാൻ ഉദ്ദേശിക്കുന്നു.

47. കേരള കാർഷിക സർവകലാശാല വിജയകരമായി നടത്തിയ ഗവേഷണങ്ങൾ കേരസുധ അല്ലെങ്കിൽ മധുരക്കള്ളിന്റെ വ്യാവസായിക സാധ്യതകൾ തെളിയിച്ചിട്ടുണ്ട്. കേരസുധയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതു വഴി നേരിട്ടും അല്ലാതെയും 5 ലക്ഷംമുതൽ 10 ലക്ഷംവരെ ജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ ഉണ്ടാക്കുവാൻ കഴിയുമെന്ന് ഗവേഷകർ കണക്കാക്കിയിരിക്കുന്നു. നമ്മുടെ ശാസ്ത്രജ്ഞന്മാർ

തദ്ദേശീയമായ സാങ്കേതിക വിദ്യകൊണ്ട് വികസിപ്പിച്ചെടുത്ത അനുയോജ്യമായ ഈ പദ്ധതി വ്യവസായവല്ക്കരിക്കുന്നതിന് ഒരു പരിപാടി തയ്യാറാക്കുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തുവാൻ ഉദ്ദേശിക്കുന്നു.

**മൃഗ സംരക്ഷണം**

48. എല്ലാ ഗ്രാമപഞ്ചായത്തുകളിലും മൃഗസംരക്ഷണ, ക്ഷീരോല്പാദന മേഖലകളിൽ ശ്രദ്ധേയമായ നേട്ടം ഉണ്ടാക്കിക്കൊണ്ട് വ്യാപകമായ രീതിയിൽ അടിസ്ഥാന സൗകര്യ ശൃംഖല സ്ഥാപിച്ചു. ഇത് ക്ഷീരോല്പാദന രംഗത്ത് പ്രതിവർഷം 5.9% വർദ്ധനവ് ഉണ്ടാക്കാൻ വഴി തെളിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ സേവനരംഗം കൂടുതൽ കാര്യക്ഷമമാക്കും. കഴിഞ്ഞ വർഷം തുടങ്ങിവച്ച സഞ്ചരിക്കുന്ന കൃത്രിമ ബീജസങ്കലന യൂണിറ്റുകളും കറവ യന്ത്രയൂണിറ്റുകളും മൃഗസംരക്ഷണ വകുപ്പിന്റെയും സഹകരണ മേഖലയുടെയും അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ശക്തിപ്പെടുത്തുന്നതാണ്. രോഗപ്രതിരോധ നടപടികൾക്കും രോഗനിർണ്ണയ-നിയന്ത്രണ നടപടികൾക്കും മുന്തിയ പരിഗണന നൽകി ഉല്പാദന നഷ്ടം ഒഴിവാക്കുന്നതാണ്. ഇതിന്റെ പ്രയോജനം ലഭ്യമാവുന്നത് വളരെ പാവപ്പെട്ടവർക്കാണ്. കന്നുകാലി പരിപാലനം ശക്തിപ്പെടുത്തുന്നതിനായി വാർഷിക പദ്ധതിയിൽ 11.78 കോടി രൂപ ഞാൻ നീക്കി വച്ചിരിക്കുന്നു. പ്രത്യേക കന്നുകാലി വികസന പദ്ധതികൾക്കായി 1.6 കോടി രൂപ കൂടി ഞാൻ വകയിരുത്തുന്നു.

**മത്സ്യബന്ധനം**

49. അറുനൂറ് കിലോമീറ്ററോളം ദൈർഘ്യമുള്ള സമുദ്രതീരവും ധാരാളം കായലുകളും ഉൾനാടൻ ജലാശയങ്ങളുമുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് മത്സ്യമേഖലയുടെ സാമ്പത്തികവും സാമൂഹ്യവുമായ പ്രാധാന്യം ഈ സർക്കാർ കണക്കിലെടുത്തിട്ടുണ്ട്. തൊഴിൽ മേഖലയിൽ ബോണസ് ലഭിക്കാത്ത ഏക വിഭാഗം മത്സ്യത്തൊഴിലാളികളാണ്. മറ്റ് തൊഴിൽ മേഖലകളിൽ എന്നപോലെ മത്സ്യത്തൊഴിലാളികൾക്കും ബോണസ് ലഭിക്കുന്നതിനായി 'മത്സ്യഫെഡ്' വഴി ഒരു ഉത്സവകാല ബോണസ് പദ്ധതി നടപ്പിലാക്കിത്തുടങ്ങി. ഈ പദ്ധതിയിൻകീഴിൽ എല്ലാ മത്സ്യത്തൊഴിലാളികളേയും ഉൾപ്പെടുത്തുന്നതിനും മത്സ്യലേലം നിലവിലില്ലാത്ത പ്രദേശങ്ങളിൽ കൂടി ലേലം ആരംഭിച്ച് ബോണസ് പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

50. നിർമ്മാണം നടന്നുവരുന്ന മുതലപ്പൊഴി, കായംകുളം, പൊന്നാനി, തലായ് എന്നീ ഫിഷിംഗ് ഹാർബറുകൾ സമയബന്ധിതമായി പൂർത്തിയാക്കാനും കൊയിലാണ്ടിയിൽ ഒരു പുതിയ ഫിഷിംഗ് ഹാർബർ സ്ഥാപിക്കുവാനും നടപടി എടുക്കും. ഇതിന്റെ ആദ്യനടപടി എന്ന നിലയിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതാണ്. ഇതിന് നാമമാത്ര തുകയായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

**ജലസേചനം**

51. ജലസേചന പദ്ധതികൾക്കായി പദ്ധതി-പദ്ധതിയേതര ഇനങ്ങളിലായി ബഡ്ജറ്റിൽ ഞാൻ 327.08 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പൂർത്തിയാക്കിയ പതിനഞ്ചും നിർമ്മാണത്തിലിരിക്കുന്ന പന്ത്രണ്ടും വൻകിട, ഇടത്തരം ജലസേചനപദ്ധതികൾ സംസ്ഥാനത്തുണ്ട്. 2001 - 2002-ൽ കല്ലട ജലസേചനപദ്ധതി പൂർത്തിയാകുന്നതാണ്. പഴശ്ശി ജലസേചന പദ്ധതി ഈ ആണ്ടിൽതന്നെ കമ്മീഷൻ ചെയ്യാൻ കഴിയും. കാരാപ്പുഴ പദ്ധതിയും ഈ ആണ്ടിൽതന്നെ കമ്മീഷൻ ചെയ്യുന്നതാണ്. ബാണാസുര സാഗർ പദ്ധതി, ചമ്രവട്ടം ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതി, അട്ടപ്പാടിവാലി പദ്ധതി എന്നിവ നിർമ്മാണത്തിന്റെ പ്രാരംഭ ദിശയിലാണ്. തൃത്താല റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ചമ്രവട്ടം പദ്ധതിയുടെ പ്രവർത്തി വേഗത്തിലാക്കുന്നതിനായി 'ചമ്രവട്ടം റഗുലേറ്റർ അതോറിറ്റി ഓഫ് കേരള' എന്നൊരു കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണക്കൻകടവ് പദ്ധതി പൂർത്തീകരണത്തോടടുക്കുന്നു. ജലസേചന പദ്ധതികളുടെ ശരിയായ രീതിയിലുള്ള അറ്റകുറ്റപ്പണികൾക്കായി 'വാട്ടർ റിസോഴ്സസ് റീവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം' എന്നൊരു വൻകിട പദ്ധതിയും നടപ്പാക്കി വരുന്നു. ഈ പദ്ധതിക്കായി 10 കോടി രൂപ ഞാൻ നീക്കി വച്ചിട്ടുണ്ട്.

52. കോഴിക്കോട് ജില്ലയിലെ കനോലി കനാൽ മെച്ചപ്പെടുത്തൽ പ്രവർത്തികൾ ധൃതഗതിയിൽ പൂർത്തിയായി വരുന്നു. കൊച്ചിൻ റിഫൈനറിക്ക് വെള്ളം ലഭ്യമാക്കുന്നതിന് സഹായിക്കുന്ന മഞ്ഞുമ്മൽ, പാതാളം എന്നീ റഗുലേറ്ററുകളുടെ നിർമ്മാണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്കം തടയുന്നതിനായി 9.65 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. കേരളത്തിലെ 20 നദികളുടെ തീരങ്ങൾ സംരക്ഷിക്കുന്നതിനായി 'ആന്റി റിവർ ഇറോഷൻ പദ്ധതി'യിൻകീഴിൽ 38.75 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ നാലു വർഷത്തിനിടയിൽ ജലസേചനവകുപ്പ് 24 കിലോമീറ്റർ കടൽഭിത്തി നിർമ്മിക്കുകയും നിലവിലുണ്ടായിരുന്ന

26 കിലോമീറ്റർ ദൈർഘ്യം വരുന്ന കടൽഭിത്തി അറ്റകുറ്റപ്പണികൾ നടത്തി പരിഷ്ക്കരിക്കുകയും ചെയ്തു. കടലാക്രമണ നിരോധന പദ്ധതികൾക്കായി പതിനൊന്നാം ധനകാര്യകമ്മീഷൻ സംസ്ഥാനത്തിന് 50 കോടി രൂപ ശുപാർശ ചെയ്തിട്ടുണ്ട്. ഭൂഗർഭ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും പദ്ധതിയിനത്തിൽ 6.94 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

## സഹകരണം

53. സഹകരണപ്രസ്ഥാനത്തിന്റെ അടിത്തറ വികസിപ്പിക്കുന്നതിന് കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ ഈ ഗവൺമെന്റ് കൈവരിച്ച നേട്ടം അസാധാരണമാണ്. സ്വയം സഹായഗ്രൂപ്പ് പദ്ധതി, പൊതുവിതരണ സേവനരംഗങ്ങളിലെ "നീതി സ്റ്റോറുകൾ", റബ്കോയുടെയും റെയിഡ്കോയുടെയും ഉല്പാദന ശ്രമങ്ങൾ എന്നിവ ഇവയിൽ ചിലതു മാത്രമാണ്. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) 6 പുതിയ എഞ്ചിനീയറിംഗ് കോളേജുകളും ഒരു മെഡിക്കൽ കോളേജും തുടങ്ങി. ഈ ഗവൺമെന്റിന്റെ മറ്റൊരു നേട്ടമായ കേരള സഹകരണ ഭേദഗതി നിയമം സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും സ്വതന്ത്രമാക്കാനും ഉതകുന്നതാണ്. ഈ കാതലായ മേഖലക്കായി ഞാൻ 62 കോടി രൂപ മാറ്റിവയ്ക്കുന്നു.

## ഗതാഗതം (റോഡുകളും ഉൾനാടൻ ജലഗതാഗതവുമുൾപ്പെടെ)

54. ഗതാഗതത്തിനായി വകയിരുത്തിയിട്ടുള്ള ആകെ തുക 539.29 കോടി രൂപയാണ്. ഇതിലെ പ്രധാന ഇനങ്ങളായ റോഡുകൾക്കും പാലങ്ങൾക്കും 460 കോടി രൂപയുടെ വിഹിതം കിട്ടും. റോഡു നിർമ്മാണരംഗത്ത് വൻ കുതിച്ചു ചാട്ടമാണ് നാം നടത്തിയത്. സംസ്ഥാന ഹൈവേ പദ്ധതികളെ നിലവിലുള്ള വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് ലോകബാങ്ക് സമ്മതിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 88 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഈ ബൃഹത്പദ്ധതിയുടെ പ്രാരംഭ ജോലികൾ പൂർത്തീകരിക്കുന്നതിന് ഇത് സഹായകരമാണ്. പുതിയതായി രൂപീകരിച്ച റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ റെയിൽവേയുമായി സഹകരിച്ച് റെയിൽവേ മേൽപ്പാലങ്ങളുടെ ശൃംഖലതന്നെ പണിയുന്നതിനുള്ള നടപടികളുമായി ബഹുദൂരം മുന്നേറിക്കഴിഞ്ഞു. ഈ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. മലേഷ്യൻ പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കോട്ടയം - കുമരകം റോഡ്, ശബരിമല റോഡ്, കുമരകം - ചേർത്തല റോഡ് തുടങ്ങിയ വൻകിട പദ്ധതികൾ ഏറ്റെടുത്ത്

നടപ്പാക്കുന്നതാണ്. ആലുവ - അങ്കമാലി റോഡ് നാലുവരി പാതയായി നിർമ്മിക്കുന്നതിനുള്ള കരാർ 2001 മാർച്ചിൽ ഉറപ്പിക്കാൻ കഴിയും എന്ന് പ്രഖ്യാപിക്കാൻ എനിക്കു സന്തോഷമുണ്ട്.

55. ഉൾനാടൻ ജലഗതാഗത മേഖലയ്ക്ക് ഈ ബഡ്ജറ്റിൽ 16.73 കോടി രൂപ ഞാൻ നീക്കി വച്ചിട്ടുണ്ട്. 3.22 കോടി രൂപ ചെലവിൽ കൊല്ലം - കോട്ടപ്പുറം ജലപാതയുടെ ഉദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സുൽത്താൻ കനാൽ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായ തോടുകൂടി കൊല്ലം- പറശ്ശിനിക്കടവ് റൂട്ടിൽ ബോട്ട് സർവ്വീസ് തുടങ്ങിയിട്ടുണ്ട്. സുൽത്താൻ കനാൽ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം പുരോഗതിയിലാണ്. കൊല്ലം - വളപട്ടണം - പറശ്ശിനിക്കടവ് ബോട്ട് റൂട്ട് മെച്ചപ്പെടുത്തുന്നതിന് 5 കോടി രൂപ ഞാൻ നീക്കി വച്ചിരിക്കുന്നു. ആലപ്പുഴ കോട്ടയം, ആലപ്പുഴ ചങ്ങനാശ്ശേരി, കോട്ടയം -വൈക്കം എന്നീ ജലമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് 1.2 കോടി അമേരിക്കൻ ഡോളറിന്റെ (56 കോടി രൂപ) ലോകബാങ്ക് സഹായം ലഭ്യമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

56. തിരുവനന്തപുരം ജനാവലിയുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസൃതമായി തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ വികസനത്തിന് 11 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

**ജലവിതരണം**

57. ശുദ്ധജല വിതരണത്തിന് ഈ ഗവൺമെന്റ് അങ്ങേയറ്റത്തെ പ്രാധാന്യം നൽകിയിട്ടുണ്ട്. പദ്ധതി ഇനത്തിൽ 221.27 കോടി രൂപ ഇതിനായി പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ശാസ്ത്രീയമായ ജല വിതരണത്തിനും സംരക്ഷണത്തിനും പ്രാധാന്യം നൽകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിനു പുറമേ വരും വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ, ത്വരിതഗതിയിലുള്ള ഗ്രാമീണ - നഗര ശുദ്ധജല വിതരണ പദ്ധതികൾ, ടെക്നോളജി മിഷൻ പദ്ധതികൾ, എൽ.ഐ.സി, ഹഡ്കോ തുടങ്ങിയവയുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നതാണ്. ഗ്രാമീണ സ്കൂളുകളിലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതികളും മഴവെള്ളം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. ത്വരിതഗതിയിലുള്ള ഗ്രാമീണ ശുദ്ധജല പദ്ധതി വിഹിതത്തിന്റെ 20 ശതമാനം കേന്ദ്ര സർക്കാർ ഘടക നവീകരണത്തിനായി ഇപ്പോൾ മാറ്റി വച്ചിരിക്കുന്നു. ജനകീയ പങ്കാളിത്തത്തോടും ഓഹരി വിഹിതത്തോടും കൂടി ആവശ്യം അനുസരിച്ച് ഈ പദ്ധതികൾ

നടപ്പാക്കി വരുന്നു. ഒരു പൈലറ്റ് പദ്ധതിയെന്ന നിലയിൽ കൊല്ലം, കാസർകോട് ജില്ലകൾ തെരഞ്ഞെടുത്തിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരമപ്രധാന തത്വമായ ജനകീയ പങ്കാളിത്തത്തോടെ 400 കോടി രൂപ അടങ്കലിൽ നാലു ജില്ലകളിൽ ലോക ബാങ്ക് സഹായത്തോടെ നൂതനമായ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ എടുത്തു പറയത്തക്ക ഒരു നേട്ടമാണ്.

## വിദ്യാഭ്യാസം

58. മുൻകാലങ്ങളിലെപ്പോലെതന്നെ ബഡ്ജറ്റിന്റെ സിംഹഭാഗവും വിദ്യാഭ്യാസത്തിനായി നീക്കി വച്ചിരിക്കുന്നു. 2969.37 കോടി രൂപയാണ് ഈ വർഷത്തെ വിദ്യാഭ്യാസത്തിന്റെ മൊത്തം അടങ്കൽ. സർക്കാർ അതിന്റെ നയത്തിന്റെ ഭാഗമായി കോളേജിൽനിന്നും പ്രീഡിഗ്രി പൂർണ്ണമായും വേർപെടുത്തി. 417 സർക്കാർ സ്കൂളുകൾ ഉൾപ്പെടെ 931 വിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറി കോഴ്സ് നടത്തിവരുന്നു. പൊതുവിദ്യാഭ്യാസത്തിന് മൊത്തം അനുവദിച്ചിട്ടുള്ള പദ്ധതിവിഹിതമായ 116.5 കോടി രൂപയിൽ 40 കോടി രൂപയുടെ ഉയർന്ന വിഹിതം ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിന് മാത്രമായി ഞാൻ നീക്കി വച്ചിട്ടുണ്ട്.

59. ഉന്നതവിദ്യാഭ്യാസമേഖലയിൽ നിലവിലുള്ള കോഴ്സുകളെ പുനഃസംഘടിപ്പിച്ച് തൊഴിൽസാദ്ധ്യതകളുള്ള പുതിയ കോഴ്സുകൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി സർക്കാർ -സ്വകാര്യ കോളേജുകളിലായി മുന്നൂറോളം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളത്തിന് വ്യക്തമായ മുൻതൂക്കം ലഭിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആവശ്യമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. അർഹതയുള്ള എല്ലാ വിദ്യാർത്ഥികൾക്കും അനുയോജ്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്ക് സർക്കാർ രൂപം കൊടുക്കുന്നതാണ്. 1-1-96 മുതൽ മുൻകാലപ്രാബല്യത്തോടുകൂടി 1996-ലെ പുതുക്കിയ യു. ജി. സി. സമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞു.

60. കൊല്ലം, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ മൂന്നു പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നീ എഞ്ചിനീയറിംഗ് കോളേജുകളിലെ എല്ലാ

ബി.ടെക്, എം.ടെക് കോഴ്സുകൾക്കും AICTE യുടെ അംഗീകാരം നേടുന്നതിന് ശ്രമിച്ചിട്ടുണ്ട്. ഈ എഞ്ചിനീയറിംഗ് കോളേജുകളിൽ CAD / CAM സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഈ കോളേജുകളിൽ കേന്ദ്രീകൃത കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തുകവഴി വിദ്യാർത്ഥികൾക്കു പതിവുസമയത്തിനുപുറമെയും പഠനസൗകര്യം ലഭ്യമാകുന്നതാണ്. പോളിടെക്നിക്കുകളിൽ ആധുനിക വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. കോട്ടയം, കണ്ണൂർ എന്നിവിടങ്ങളിൽ MCA കോഴ്സുകളും, കണ്ണൂരിൽ MBA കോഴ്സും ആരംഭിക്കുന്നതാണ്.

61. പുതുതായി ആരംഭിച്ച അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളിലും പത്ത് പോളിടെക്നിക്കുകളിലും അടിസ്ഥാന വികസന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു മുൻഗണന നൽകുന്നതാണ്. 1993-94-ൽ പോളിടെക്നിക്കുകളായി ഉയർത്തിയ എട്ട് ടെക്നിക്കൽ ഹൈസ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്. ഇടുക്കി ജില്ലയിലെ പുറപ്പുഴയിൽ കൂടുതൽ തൊഴിൽ സാധ്യതയ്ക്കനുയോജ്യമായ കംപ്യൂട്ടർ, വിവരസാങ്കേതിക വിദ്യ തുടങ്ങിയ ആധുനിക വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു പുതിയ പോളിടെക്നിക്ക് ആരംഭിച്ചിട്ടുണ്ട്. മാവേലിക്കരയിലേയും തൃശ്ശൂരിലേയും ഫൈൻ ആർട്സ് കോളേജുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ലോകബാങ്കിന്റെ മൂന്നാം ടെക്നിക്കൽ എഡ്യൂക്കേഷൻ പദ്ധതിയുടെ കീഴിൽ, തെരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക്കുകളെ 'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

**ആരോഗ്യം**

62. ബഡ്ജറ്റിൽ ആരോഗ്യ മേഖലയ്ക്ക് ഞാൻ 753 കോടി രൂപ നീക്കി വച്ചിരിക്കുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിനത്തിൽ 20.75 കോടി രൂപ മാറ്റി വച്ചിരിക്കുന്നു ഹോമിയോപ്പതി വിഭാഗത്തിൽ 31 ആശുപത്രികളിലും 524 ഗ്രാമീണ ഡിസ്പൻസറികളിലുമായി 970 കിടക്കകളോടു കൂടിയ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നത് ആരോഗ്യരംഗത്ത് ഒരു സുപ്രധാന കാൽവയ്പാണ്. ഹോമിയോ മരുന്നുകളുടെ ലഭ്യത കൂട്ടുന്നതിനായി കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയുടെ പ്രവർത്തനശേഷി 2001-2002ൽ വർദ്ധിപ്പിക്കുന്നതാണ്. അടുത്തവർഷം 50 പുതിയ ഹോമിയോ ഡിസ്പൻസറികൾ കൂടി ആരംഭിക്കുന്നതാണ്.

63. നാട്ടുചികിത്സാവകുപ്പിന്റെ കീഴിൽ 113 ആശുപത്രികളും 729 ഡിസ്പൻസറികളും പ്രവർത്തിക്കുന്നു. അടുത്തവർഷം 25 പഞ്ചായത്തുകളിൽ കൂടി പുതിയ ഡിസ്പൻസറികളും 20 കിടക്കകൾ വീതമുള്ള 5 പുതിയ ആയുർവേദ ആശുപത്രികളും തുടങ്ങാൻ ഉദ്ദേശിക്കുന്നു. അടുത്തവർഷം 20 കിടക്കകളുള്ള പത്ത് ആശുപത്രികളെ 30 കിടക്കകളുള്ള ആശുപത്രികളായി ഉയർത്തുന്നതാണ്. മൂന്ന് ആശുപത്രികളെ താലൂക്കാശുപത്രികളായി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നു. അടുത്ത വർഷം ഒരു താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ഭക്ഷ്യവും പൊതുവിതരണവും**

64. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു മാത്രം റേഷനരിയും പഞ്ചസാരയും വിതരണം ചെയ്യുക എന്ന കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയം ഏറെ പ്രകീർത്തിക്കപ്പെട്ട കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ തകർത്തിരിക്കുകയാണ്. സമഗ്രമായ പൊതുവിതരണ സമ്പ്രദായം നിർത്തലാക്കി പകരം സബ്സിഡി വിതരണത്തിനുള്ള കേവലം ഒരു സ്കീം ആയി തരംതാഴ്ത്തുക വഴി ഇന്ത്യാ ഗവൺമെന്റ് മഹത്തായ ഈ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷിതത്വം അപകടത്തിലാക്കി. ദശലക്ഷക്കണക്കായ പാവങ്ങളുടെയും സാധാരണക്കാരുടെയും മുഖ്യ അവലംബമായിരുന്ന പൊതുവിതരണ സമ്പ്രദായത്തെ അവിവേകമായ ഈ പ്രവർത്തികൊണ്ട് ഒറ്റയടിക്ക് തകർത്തിരിക്കുന്നു. ദശകങ്ങളായി നാം കൈവരിച്ച നേട്ടങ്ങൾ അങ്ങനെ ഇല്ലായ്മ ചെയ്യപ്പെട്ടിരിക്കുന്നു. അധഃസ്ഥിതരെയും പാവങ്ങളെയും കഷ്ടപ്പെടുത്തിക്കൊണ്ട് നടപ്പാക്കുന്ന ഈ സാമ്പത്തിക പരിഷ്കാരങ്ങൾ എന്തിന്റെ പേരിലായാലും ചരിത്രം അവർക്കു മാപ്പു നൽകുകയില്ല. ഇതിനെതിരെയുള്ള നമ്മുടെ സഭയുടെ യോജിച്ച പ്രതിഷേധം ഒരിക്കൽ കൂടി ഉയർത്തുന്നതിന് ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തട്ടെ.

65. എത്രയേറെ സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നാലും മുഴുവൻ ജനങ്ങളെയും സ്റ്റാറ്റ്യൂട്ടറി റേഷനിംഗിനുകീഴിൽ കൊണ്ടുവരുന്നതിനും ഈ സമ്പ്രദായം നിലനിർത്തുന്നതിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ ആവശ്യത്തിനായി നടപ്പു വർഷത്തെ ബഡ്ജറ്റിൽ 161 കോടി രൂപ ഞാൻ നീക്കിവച്ചിരുന്നു. എന്റെ ഈ ഇടക്കാല ബഡ്ജറ്റിലും ഈ തുക അതേപോലെ നില നിർത്തിയിട്ടുണ്ട്. കേരളത്തിലെ പൊതുമാർക്കറ്റിൽ ഭക്ഷ്യധാന്യ വില സുസ്ഥിരമായി നില നിർത്തുന്നതിന് നമുക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ മേന്മ മുഴുവനായും കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 'കമ്പോള ഇടപെടൽ സമ്പ്രദായ'ത്തിന് അവകാശപ്പെട്ടതാണ്. എല്ലാ

പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 50 കോടി രൂപ ഞാൻ മാറ്റി വച്ചിരിക്കുന്നു.

## നികുതികൾ

66. സംസ്ഥാനങ്ങൾ തമ്മിലുള്ള നികുതിനിരക്ക് മത്സരം ഒഴിവാക്കാനായി ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ വില്പനനികുതി തറ നിരക്കുകൾ നിശ്ചയിച്ചതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം നികത്തിത്തരുന്നതാണെന്ന കേന്ദ്ര വാഗ്ദാനം പാലിക്കപ്പെടുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. എന്നാൽ സംസ്ഥാനങ്ങൾക്ക് നഷ്ടം വരുത്തുന്ന ചില തീരുമാനങ്ങളാണ് തുടർന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഉദാഹരണമായി, നികുതി ചുമത്തുന്നതിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തിൽ തന്നെ നേരിട്ട് ഇടപെട്ടുകൊണ്ട് വിമാനത്തിൽ നിറയ്ക്കുന്ന ഇന്ധനത്തിന്റെ (ATF) നികുതി 25 - 30 % ൽ നിന്നും 4% ആയി ചുരുക്കിയതു മൂലം കേരളത്തിനുണ്ടാകുന്ന പ്രതിവർഷ നഷ്ടം 60 കോടി രൂപയാണ്. ലോട്ടറി നിരോധനത്തിനുള്ള ശ്രമവും ഇതുപോലെ ഗവൺമെന്റിനു ഭീമമായ നഷ്ടം വരുത്തും. ഇത്തരം നടപടികളെ നാം ശക്തമായി എതിർത്തിട്ടുണ്ട്. തറ നിരക്കുകൾ നിശ്ചയിച്ചതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉയർന്നുവന്നിട്ടുള്ള പരാതികൾക്കു പരമാവധി പരിഹാരം കാണാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ജവാന്മാർക്കും എക്സ് - സർവ്വീസുകാർക്കും ഡിഫൻസ് കാന്റീനുകളിൽ ലഭിച്ചുകൊണ്ടിരുന്ന വില്പന നികുതി ഇളവുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവിൽ കുറവു വരുത്തുന്നതടക്കമുള്ള അവശേഷിക്കുന്ന കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## വിദേശ സഹായ പദ്ധതികൾ

67. സംസ്ഥാന സാമ്പത്തിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിൽ വിദേശസഹായ പദ്ധതികൾക്കുള്ള പ്രാധാന്യം ഈ സഭയ്ക്ക് അറിവുള്ളതാണല്ലോ. ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകൃത തത്വമനുസരിച്ച് ഇപ്രകാരമുള്ള സഹായധനം 30 ശതമാനം ഗ്രാന്റും 70 ശതമാനം വായ്പയുമായാണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ഇതിന്റെ പലിശനിരക്ക് ആകർഷകമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മൊത്തം വിദേശ സഹായ പദ്ധതിയുടെ തുലോം 0.39 ശതമാനം മാത്രമായിരുന്നു നമ്മുടെ വിഹിതം. വികസന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കുന്നതിൽ മുൻഗവൺമെന്റ് കാണിച്ച അലംഭാവപൂർണമായ സമീപനത്തിൽ നിന്നു വ്യത്യസ്തമായി ഈ ഗവൺമെന്റ് നടത്തിയ തുടർച്ചയായ ശ്രമങ്ങളുടെ ഫലമായി

ഗണ്യമായ മുതൽമുടക്കുള്ള വൻ പദ്ധതികൾ ഏറ്റെടുക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. 800 ദശലക്ഷം അമേരിക്കൻ ഡോളർ അടങ്കലുള്ള ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് പ്രോജക്ട് പ്രത്യക്ഷത്തിൽ നടപ്പിലാക്കിത്തുടങ്ങിയില്ല എങ്കിൽകൂടി ഈ പദ്ധതി അംഗീകരിപ്പിക്കാൻ നമ്മുടെ ഭരണകാലത്ത് കഴിഞ്ഞു. ഈ വൻ പദ്ധതിയുടെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി ഇപ്പോൾ ADB ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്ക് സഹായത്തോടുകൂടിയുള്ള 69 ദശലക്ഷം യു.എസ്. ഡോളറിന്റെ റൂറൽ വാട്ടർ സപ്ലൈ പ്രോജക്ടിന്റെ കരാർ ഒപ്പിട്ടുകഴിഞ്ഞു. കുടിവെള്ളത്തിനായി 200 കോടി രൂപയുടെ ഡച്ച് സഹായപദ്ധതിയും ഈ വർഷം യാഥാർത്ഥ്യമാവുന്നതാണ്. 190 കോടി രൂപയുടെ ലോകബാങ്ക് സഹായത്തോടെയുള്ള വനവൽക്കരണ പദ്ധതി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി 40 കോടി രൂപ ഞാൻ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നു. 2100 കോടി രൂപയുടെ 'ഹൈവേ പ്രോജക്ട്' ലോകബാങ്കിന്റെ പരിഗണനയിലാണ്. JBIC സഹായത്തോടെയുള്ള അട്ടപ്പാടി പദ്ധതി പൂർണ്ണ തോതിൽ നടന്നു വരുന്നു. നമ്മുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി 6100 കോടി രൂപയുടെ വിദേശ സഹായ പദ്ധതികൾക്കു അനുവാദം ലഭിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ സഭയെ അറിയിക്കുന്നു.

68. സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ക്ഷാമബത്തയുടെ മൂന്നു ഗഡുക്കൾ നല്കാനുണ്ട് എന്ന വസ്തുതയെക്കുറിച്ച് ഞാൻ അതീവ ബോധവാനാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കം ബോദ്ധ്യപ്പെട്ട് ക്ഷാമബത്ത നൽകുന്നതിനുള്ള കാലതാമസം സഹിച്ചുകൊണ്ട് സർക്കാരിനോട് സഹകരിച്ച മിക്കവാറും എല്ലാ ജീവനക്കാരുടെയും സമീപനമാണ് ഏറെ പ്രോത്സാഹജനകമായി തോന്നിയിട്ടുള്ളത്. അതിൽ എനിക്ക് അവരോട് അതിയായ കടപ്പാടുണ്ട്. 1.7.99 മുതലും 1.1.2000 മുതലും കുടിശ്ശികയായ ക്ഷാമബത്ത അതേ തീയതിയിൽ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നതാണെന്ന് അറിയിക്കുന്നതിന് എനിക്ക് സന്തോഷമുണ്ട്. വർദ്ധിപ്പിച്ച ക്ഷാമബത്ത 2001 മേയ് മാസത്തിലെ ശമ്പളത്തിൽ വാങ്ങുവാൻ കഴിയുന്നതാണ്. കുടിശ്ശിക ഒരുവർഷത്തേയ്ക്ക് പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്നതാണ്.

സാമ്പത്തിക സ്ഥിതി സംഗ്രഹം

69. 2000-2001 ലെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ചെലവുകൾ 8.05 ശതമാനം നിയന്ത്രിച്ചുകൊണ്ട് കമ്മി കുറയ്ക്കുമെന്ന് ഞാൻ സഭയെ

അറിയിച്ചിരുന്നു. വാഗ്ദാനം ചെയ്തിരുന്ന തലത്തിലേക്ക് മിക്കവാറും എല്ലാ ഇനങ്ങളിലെയും ചെലവുകൾ കുറയ്ക്കാൻ എനിക്കു കഴിഞ്ഞു. എന്നാൽ, ചില അത്യാവശ്യ ചെലവുകൾ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തേണ്ടിവന്നതിനാലും പെൻഷനിലും പലിശയിലും പ്രതീക്ഷിച്ചതിനേക്കാൾ വർദ്ധനവുണ്ടായതിനാലും മൊത്തം റവന്യൂ ചെലവുകളിൽ നേരിയ വർദ്ധനവുണ്ടായി. ഞാൻ ഇതിനകം വിശദീകരിച്ച കാരണങ്ങളാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള റവന്യൂ വരുമാനം പിരിച്ചെടുക്കുന്നതിന് വളരെ ബുദ്ധിമുട്ട് നേരിടേണ്ടി വരും. എന്നിരുന്നാലും ഇക്കൊല്ലത്തെ റവന്യൂകമ്മി 1999-2000ത്തിനേക്കാൾ വളരെ കുറവാണ്. ധനകാര്യ കമ്മീഷന്റെ സഹായകരമല്ലാത്ത നിലപാടു മൂലം കേന്ദ്രത്തിൽ നിന്നുമുള്ള പ്രതീക്ഷിതവരവിലെ കുറവുകൾ, വില്പന നികുതി ഒഴികെയുള്ള ഇനങ്ങളിലെ വരവിലുണ്ടായ ശോഷണം തുടങ്ങിയ പ്രാഥമിക കാരണങ്ങളാൽ ഇപ്പോഴുള്ള കമ്മി 684.99 കോടി രൂപയുടേതാണ്. വർഷാരംഭ ബാക്കിയിലെ കമ്മി കൂടി കൂട്ടുമ്പോൾ മൊത്തം കമ്മി 859.89 കോടി രൂപയാണ്.

70. നടപ്പു വർഷത്തെ (2000-2001) അവസാന സാമ്പത്തിക സ്ഥിതിയുടെ സംക്ഷിപ്തം ഇതാണ്:

| പുതുക്കിയ എസ്റ്റിമേറ്റ് 2000-2001 | [രൂപ കോടിയിൽ] |
|---|---|
| റവന്യൂ വരവ് | 9332.07 |
| റവന്യൂചെലവ് | 12563.84 |
| റവന്യൂ കമ്മി | (-) 3231.77 |
| മൂലധനചെലവ് | 831.18 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 300.70 |
| പൊതുകടം (തനി) | 2152.58 |
| പൊതുകണക്ക് (തനി) | 1526.08 |
| ആകെ മൊത്തം കമ്മി | (-) 684.99 |
| വർഷാരംഭ രൊക്ക ബാക്കി | (-) 174.90 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 859.89 |

71. ഒഴിവാക്കാവുന്ന ചെലവുകൾ നിയന്ത്രിക്കാൻ 2001- 2002 ലെ ബഡ്ജറ്റിലും ഞാൻ ശ്രമിച്ചിട്ടുണ്ട്. റവന്യൂ വരുമാനത്തിൽ ഇപ്പോൾ കാണുന്ന മെച്ചപ്പെട്ടു വരുന്ന വളർച്ചയെയാണ് ഞാൻ ആശ്രയിക്കുന്നത്. 2001 ജനുവരി അവസാനത്തോടെ നികുതി പിരിവ് കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ രണ്ട് ശതമാനം അധികമാണെന്ന്

കാണാം. വില്പന നികുതിയിൽ നിന്നുള്ള വരവ് ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ ന്യായമായ വർദ്ധന കാണിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ അടുത്ത വർഷം കടവും റവന്യൂ കമ്മിയും കാര്യമായി കുറയുമെന്ന് എനിക്ക് വിശ്വാസമുണ്ട്. 2001 - 2002 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 461.39 കോടി രൂപയുടെ വ്യക്തമായ മിച്ചമുണ്ടാകുമെന്ന് നമ്മുടെ കണക്കുകൾ സൂചിപ്പിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇക്കൊല്ലം അവസാനത്തെ മൊത്തം കമ്മിയുടെ പ്രയാസം പരിഹരിക്കുന്നതിന് ഇത് ധാരാളം മതിയാകും. അടുത്ത വർഷത്തെ പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ എന്റെ ഇടക്കാല ബഡ്ജറ്റിൽ വർഷാവസാനത്തെ കമ്മിയിൽ കണക്കാക്കിയിരിക്കുന്ന തുകകളിൽ മാറ്റങ്ങളുണ്ടാകാമെങ്കിലും അന്തിമമായ കമ്മി വർഷാവസാനം 398.90 കോടി രൂപയായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

72. സാമ്പത്തിക സ്ഥിതിയുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

2001-2002 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)

| | |
|---|---|
| റവന്യൂ വരവ് | 10833.67 |
| റവന്യൂ ചെലവ് | 13366.09 |
| റവന്യൂ കമ്മി | (-) 2532.42 |
| മൂലധന ചെലവ് | 768.10 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 222.21 |
| പൊതുകടം (തനി) | 2734.22 |
| പൊതുകണക്ക് (തനി) | 1249.90 |
| ആകെ മിച്ചം | 461.39 |
| വർഷാരംഭ രൊക്കം ബാക്കി | (-) 859.89 |
| ഇപ്പോൾ പ്രഖ്യാപിച്ച അധികച്ചെലവ് | 0.40 |
| വർഷാന്ത്യ രൊക്കം ബാക്കി | (-) 398.90 |

73. സർ, ഈ ബഹുമാന്യസഭ എന്നോട് പ്രകടിപ്പിച്ച ക്ഷമയ്ക്കും അനുഭാവത്തിനും ഞാൻ ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തുന്നു. ഭരണത്തിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലം വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ടുള്ള വികസനോന്മുഖ പ്രവർത്തനങ്ങളാൽ സംഭവബഹുലമായിരുന്നു. സമാന്തരങ്ങളില്ലാത്ത ഈ വളർച്ചയിൽ നമുക്ക്

നമ്മോട് തന്നെയാണ് മത്സരിക്കാനുള്ളത്. ഭദ്രമായ സാമ്പത്തിക അടിത്തറയുള്ള സംസ്ഥാനങ്ങൾ പോലും കടുത്ത സമ്മർദ്ദങ്ങളാൽ തകരുമ്പോൾ ഉയർന്ന വളർച്ചാ നിരക്ക് നേടിയ അഞ്ചു സംസ്ഥാനങ്ങളിലൊന്നായി നമ്മുടെ കൊച്ചു സംസ്ഥാനത്തിന് ഉയരാൻ കഴിഞ്ഞു. നമ്മുടെ ധനകമ്മി നിയന്ത്രണ വിധേയമാണ്. SDP 6.8 ശതമാനത്തിന്റെ തൃപ്തികരമായ വളർച്ച നേടി. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ഭദ്രമായ ഉറച്ച അടിത്തറ പാകിയത് ഈ കാലയളവിലാണെന്ന വസ്തുത ചരിത്രം രേഖപ്പെടുത്തും. ഭാവിതലമുറയ്ക്ക് കാലുറപ്പിച്ചു നിൽക്കാനുള്ള അടിത്തറ നാം പാകികഴിഞ്ഞു. വസ്തുതാപരമായി പറഞ്ഞാൽ, ഞങ്ങൾക്കു പ്രിയപ്പെട്ടവയും പ്രതിബദ്ധതയുള്ളവയുമായ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ഞങ്ങൾ ഈ കാലത്ത് ആത്മാർത്ഥമായി പ്രയത്നിച്ചിട്ടുണ്ട്.

74. മഹനീയമായ ഈ സഭയിൽ സംഭവ ബഹുലമായ കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് നിങ്ങൾ എന്നോടു കാണിച്ച സ്നേഹാദരങ്ങൾക്കും പിന്തുണയ്ക്കും നിർദ്ദേശങ്ങൾക്കും ഞാൻ ഓരോരുത്തരോടും നന്ദി പറയുന്നു. ഇടക്കാല ബഡ്ജറ്റും 2001 ഏപ്രിൽ ഒന്നു മുതൽ 2001 ജൂലായ് 31 വരെയുള്ള മാസങ്ങളിലെ ചെലവിനായുള്ള വോട്ട് ഓൺ അക്കൗണ്ടും അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നന്ദി.

*ബഡ്ജറ്റ് പ്രസംഗം 2001*

*2001-ൽ തിരുവനന്തപുരം മണ്ണന്തല സർക്കാർ പ്രസ്സിൽ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിക്കപ്പെട്ടത്.*